


ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നത് എന്ന് നമ്മെ ബോധ്യപ്പെടുത്തിയ മഹാത്മാവിന്റെ തേജസ്സിനും, ദീപ്തമായ ദർശനങ്ങൾക്കും മുൻപിൽ ആദരവോടെ നമിച്ചുകൊണ്ട്, ആ മഹനീയ ആദർശങ്ങളെ നമുക്ക് പിന്തുടരാം



LEGEND

Educational Institute		State Headquarters	
Temple		District Headquarters	
Church		Taluk Headquarters	
Mosque		Panchayath Office	
KSRTC		Village Office	
Railway		Municipality	
Government Office		Corporation	
Street Lamp		Bank	
Light House		Market	
Well		Petrol Pump	
Fort		Samskarika Nilayam	
Boat Jetty		Police Station	
Factory		Post office	
Anganavadi		Stadium	
Polling Station		Akshaya	
Veterinary Hospital		Library	
Health Center		Tank	
Pond			

LEGEND

Block Boundary	
Block Ward Boundary	
Panchayath Boundary	
Panchayath Ward Boundary	
National Highway	
State Highway	
Other Roads	
Railway Line	
River and Stream	

അവതരണം

സുഹൃത്തെ,

കേരളം കുതിക്കുകയാണ്. വികസനത്തിന്റെ പാതയിലും അടിസ്ഥാന മേഖലകളിലും ഒട്ടനവധി മാറ്റങ്ങൾ ദൃശ്യമാണ്. നമ്മുടെ ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ച് കഴിഞ്ഞ നാലു വർഷങ്ങളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭ്യമായ തുകയ്ക്കും, ഹെൽത്ത് ഗ്രാന്റ്, സി.എസ്.ആർ ഫണ്ടുകൾ ഉൾപ്പെടെ ലഭ്യമാക്കിയും നാടിനാവശ്യമായ ഒട്ടേറെ പദ്ധതികൾ ഏറ്റെടുത്ത് നടത്തുവാൻ സാധിച്ചിട്ടുണ്ട്. ആരോഗ്യമേഖലയിലും, പശ്ചാത്തല മേഖലയിലും, കാർഷിക മേഖലകളിലും, ഭിന്നശേഷി–വാർദ്ധക്യ സൗഹൃദ മേഖലകളിലും വനിതകളെ സ്വയം പര്യാപ്തമാക്കുന്നതിനും പ്രധാന പദ്ധതികൾ ഏറ്റെടുക്കുവാൻ നമുക്ക് കഴിഞ്ഞു. ഈ സാമ്പത്തിക വർഷവും നാടിന്റെ വികസന പ്രവർത്തനങ്ങൾക്കുതകുന്ന നൂതന പദ്ധതികൾ ഏറ്റെടുക്കുവാനും, ഏറ്റെടുത്ത പദ്ധതികൾ മുൻവർഷങ്ങളിലെ പോലെതന്നെ വിജയകരമായി പൂർത്തീകരിക്കുവാനും നമ്മുക്കൊരുമിച്ച് പരിശ്രമിക്കാം.

സ്നേഹത്തോടെ,

ബേബി തമ്പി
പ്രസിഡണ്ട്

ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

ക്രമ നം.	ഡിവിഷൻ മെമ്പറുടെ പേരും സ്ഥാനവും	ഡിവിഷൻ നമ്പരും പേരും		ഫോൺ നമ്പർ	ഗ്രാമപഞ്ചായത്ത്
1	ബേബി തമ്പി (പ്രസിഡന്റ്)	6	ചേപ്പനം ഡിവിഷൻ	9496173136	കുമ്പളം
2	ജോബി പനക്കൽ (വൈസ് പ്രസിഡന്റ്, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)	2	കുമ്പളങ്ങി നോർത്ത്	7736328004	കുമ്പളങ്ങി
3	ജെംസി ബിജു (വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ)	10	ചെല്ലാനം ഡിവിഷൻ	9995760821	ചെല്ലാനം
4	സാബു തോമസ് (ക്ഷേമ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)	8	കുമ്പളങ്ങി സൗത്ത്	9847540010	കുമ്പളങ്ങി
5	മെറ്റിൽഡ മൈക്കിൾ (ചെയർപേഴ്സൺ– ആരോഗ്യവും വിദ്യാഭ്യാസവും)	3	സെന്റ്.ജോസഫ് ചാപ്പൽ	9496372951	കുമ്പളങ്ങി
6	സിന്ധു ജോഷി	1	കാട്ടിപ്പറമ്പ്	9847212355 8891103173	ചെല്ലാനം
7	ജോളി പവ്വത്തിൽ	5	കുമ്പളം നോർത്ത്	9447510395	കുമ്പളം
8	അഡ്വ. അഫ്സൽ നമ്പ്യാരത്ത്	4	പെരുമന	9895347133	കുമ്പളം
9	ജോസ് വർക്കി	7	പനങ്ങാട് സൗത്ത്	9446608257	കുമ്പളം
10	നിത സുനിൽ	9	കുമ്പളങ്ങി സെൻട്രൽ	9387639440	കുമ്പളങ്ങി
11	ആരതി ദേവദാസ്	11	അംബേദ്കർ കോളനി	9562144530	ചെല്ലാനം
12	സെൽവരാജൻ	12	കണ്ടക്കടവ്	9947347235	ചെല്ലാനം
13	ഷീബ ജേക്കബ്	13	കണ്ണമാലി	8921363979 9961853723	ചെല്ലാനം

എം.പി, എറണാകുളം	ശ്രീ. ഹൈബി ഈഡൻ
എം എൽ എ, തൃപ്പൂണിത്തുറ LAC	ശ്രീ. കെ ബാബു
എം എൽ എ, കൊച്ചി LAC	ശ്രീ. കെ.ജെ മാക്സി
ചെല്ലാനം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്	കെ.എൽ.ജോസഫ്
കുമ്പളങ്ങി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്	ശ്രീമതി.സൂസൻ ജോസഫ്,
കുമ്പളം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്	ശ്രീ. കെ.എസ് രാധാകൃഷ്ണൻ
ജില്ലാ പഞ്ചായത്ത് മെമ്പർ	ശ്രീ ദീപു കുഞ്ഞുകുട്ടി

ആസൂത്രണ സമിതി അംഗങ്ങൾ

ക്രമ നം	ആസൂത്രണ സമിതിയിലെ സ്ഥാനം	പേര്
1	ചെയർമാൻ	ശ്രീമതി. ബേബി തമ്പി
2	വൈസ് ചെയർമാൻ	ശ്രീ. എ.എക്സ് ജോസഫ്
3	അംഗങ്ങൾ	ശ്രീ. ജോബി പനക്കൽ, വൈസ് പ്രസിഡന്റ് (ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)
4	,,	ശ്രീമതി. ജെംസി ബിജു (വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ)
5	,,	ശ്രീ. സാബു തോമസ് (ക്ഷേമ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)
6	,,	ശ്രീമതി. മെറ്റിൽഡ മൈക്കിൾ (ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ)
7	,,	ശ്രീ. എൻ.എസ് സുനീഷ്
8	,,	ശ്രീ. വി.ഒ ജോണി
9	,,	ശ്രീ. ജോസഫ് പ്രിൻസൺ
10	,,	ശ്രീ. ജോസ് ഓളിപ്പറമ്പിൽ
11	,,	ശ്രീ. കലാധരൻ
12	,,	ശ്രീ. പ്രകാശൻ വേലിക്കകത്ത്
13	,,	ശ്രീ. എ.എം ആന്റണി
14	,,	ശ്രീ. നെൽസൺ കോച്ചേരി
15	,,	ശ്രീ. മാർട്ടിൻ കെ.ജെ.
16	കൺവീനർ	ശ്രീ. മണികണ്ഠൻ സി. (സെക്രട്ടറി)

നിർവ്വഹണ ഉദ്യോഗസ്ഥർ

1	സി മണികണ്ഠൻ, സെക്രട്ടറി	9447604390
2	ദിവ്യ മോഹൻ, അസി.എക്സിക്യൂട്ടീവ് എൻജിനീയർ	9895907478
3	സിന്ധു പി ജോസഫ്, അസി. ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ	9961040068
4	പോൾ എം.എഫ്, അസി. ഡയറക്ടർ ഫിഷറീസ്	9947625185
5	അരുൺ പി.എസ്., ഡയറി എക്സ്റ്റൻഷൻ ഓഫീസർ	9946003993
6	Dr.ആഷാമോൾ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി	9446452419
7	Dr. ശില്പ യു.ജെ, ശിശു വികസന പദ്ധതി ഓഫീസർ	9539741467
8	ദിവ്യ ഭൂപേഷ്, അസി എൻജിനീയർ	9447374920
9	സന്തോഷ് വി.വി., പട്ടികജാതി വികസന ഓഫീസർ	9526007060
10	അനിൽകുമാർ കെ.കെ., വ്യവസായ വികസന ഓഫീസർ	9633065005

ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാർ

1	മണികണ്ഠൻ സി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി	9447604390
2	ജസ്റ്റിൻ ഗൊൺസാൽവസ്, ജോയിന്റ് ബി ഡി ഒ	9995878788
3	ശ്രീകുമാർ എസ്.ജെ., ഹെഡ് ക്ലാർക്ക്	9847911551
4	സന്ധ്യ കെ.എസ്, എക്സ്റ്റൻഷൻ ഓഫീസർ (പി&എം)	9446475315
5	സന്ധ്യ സി.ബി, ജനറൽ എക്സ്റ്റൻഷൻ ഓഫീസർ	9446695638
6	സുനിൽകുമാർ പി.ആർ, എക്സറ്റൻഷൻ ഓഫീസർ (ഹൗസിംഗ്)	9446721162
7	ദീപ ആർ, എക്സറ്റൻഷൻ ഓഫീസർ (വനിതാ ക്ഷേമം)	9497674883
8	തോമസ് വില്യം ടി.എ., ഹെഡ് അക്കൗണ്ടന്റ്	9249709229
9	ബിസ്മി രാഘവൻ, സീനിയർ ക്ലാർക്ക്	8281310450
10	നൗഷാദ് ടി.എസ്., ക്ലാർക്ക്	9387271800
11	സ്മിഷ പി.യു, ക്ലാർക്ക്	9946510009
12	കെ. രാജേഷ് ഖന്ന, ക്ലാർക്ക്	9446060017
13	ഷീല എം ടി, ക്ലാർക്ക്	9446518351
14	നിഷ മാത്യു, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്	9995323304
15	പ്രദീപ് സി.പി, ഡ്രൈവർ ഗ്രേഡ് 1	9349408858
16	സെബാസ്റ്റ്യൻ സേവ്യർ കെ, ഓഫീസ് അറ്റൻഡന്റ്	9061140471
17	ലീല പി.ബി, പാർട്ട് ടൈം സ്വീപ്പർ	9847672629
18	മെറ്റിൽഡ സ്റ്റീന, അക്രഡിറ്റഡ് എഞ്ചിനീയർ (MGNREGS)	9037100273
19	ജിഷ വി.വി., ഡി.ഇ.ഒ കം അക്കൗണ്ടന്റ് (MGNREGS)	9995206173
20	ദിവ്യമോൾ സി.പി, (പ്രോജക്ട് അസിസ്റ്റന്റ്)	9048734109

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ

1	രാജേശ്വരി കെ.വി, വി.ഇ.ഒ ഗ്രേഡ് 1	9847314300
2	അഭിലാഷ് എം.ബി, വി.ഇ.ഒ ഗ്രേഡ് 1	9497544507
3	ടെസ് ടെറീറ്റ മേരി, വി.ഇ.ഒ ഗ്രേഡ് 1	9446051613
4	സുജാത വി.എൻ വി.ഇ.ഒ ഗ്രേഡ് 1	9400836499
5	സന്ധ്യ പി.എസ്, വി.ഇ.ഒ ഗ്രേഡ് 1	9037294501
6	സീമ ടി.ആർ, വി.ഇ.ഒ ഗ്രേഡ് 1	9400074043
7	ദ്വിപു ഡി, വി.ഇ.ഒ ഗ്രേഡ് 1	9497335552
8	നിഷ എൽ.എസ്., വി.ഇ.ഒ ഗ്രേഡ് 1	8075087236
9	സുജിത എസ്., വി.ഇ.ഒ ഗ്രേഡ് 2	9746217300
10	രശ്മി പി.എൽ, വി.ഇ.ഒ ഗ്രേഡ് 2	8547872086

ബ്ലോക്ക് പഞ്ചായത്ത് – അടിസ്ഥാന വിവരങ്ങൾ

1. വിസ്തീർണ്ണം	: 55.37 ച.കി.മീ
2. ജനസംഖ്യ	: 99996
3. സ്ത്രീകൾ	: 52087
4. പുരുഷന്മാർ	: 47909
5. ജനസാന്ദ്രത	: 1532
6. പട്ടികജാതി	: 6914
7. പട്ടികവർഗ്ഗം	: 25
8. സാക്ഷരത	: 93.8 %
9. സ്ത്രീ സാക്ഷരത	: 91.11 %
10. പുരുഷ സാക്ഷരത	: 96.6 %
11. ഉൾപ്പെടുന്ന ഗ്രാമ പഞ്ചായത്തുകൾ	: ചെല്ലാനം, കുമ്പളം, കുമ്പളങ്ങി
12. ആകെ ഗ്രാമ പഞ്ചായത്ത് വാർഡുകൾ	: 56
13. ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ	: 13
14. വില്ലേജുകൾ	: കുമ്പളങ്ങി, ചെല്ലാനം,പള്ളുരുത്തി, കുമ്പളം
15. താലൂക്കുകൾ	: കൊച്ചി, കണയന്നൂർ
16. ജില്ലാ പഞ്ചായത്ത് ഡിവിഷനുകൾ	: 1 – കുമ്പളങ്ങി
17. നിയമ സഭാ മണ്ഡലങ്ങൾ	: കൊച്ചി , തൃപ്പൂണിത്തുറ
18. ലോക സഭാ മണ്ഡലം	: എറണാകുളം

വർക്കിംഗ് ഗ്രൂപ്പുകൾ

ക്രമ നമ്പർ	വർക്കിംഗ് ഗ്രൂപ്പിന്റെ പേര്	ചെയർമാൻ	കൺവീനർ
1	പൊതുഭരണവും ധനകാര്യവും	ശ്രീ. ജോബി പനക്കൽ	സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് മണികണ്ഠൻ.സി.
2	കൃഷിയും അനുബന്ധ മേഖലയും	ശ്രീ. ജോസ് വർക്കി	അസി.കൃഷി ഡയറക്ടർ സിന്ധു പി ജോസഫ്
3	മൃഗ സംരക്ഷണം/ക്ഷീര വികസനം	ശ്രീമതി. സിന്ധു ജോഷി	ക്ഷീരവികസന ഓഫീസർ അരുൺ പി.എസ്
4	പ്രാദേശിക സാമ്പത്തിക വികസനം	ശ്രീ. ജോളി പൗവ്വത്തിൽ	വ്യവസായ വികസന ഓഫീസർ അനിൽകുമാർ കെ.കെ
5	ദാരിദ്ര്യ ലഘൂകരണം	ശ്രീമതി. ബേബി തമ്പി (പ്രസിഡന്റ്)	സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് മണികണ്ഠൻ.സി.
6	സാമൂഹ്യനീതി	ശ്രീമതി നിത സുനിൽ	സംയോജിത ശിശു വികസന ഓഫീസർ ഡോ. ശില്പ യു.ജെ
7	വനിതാ വികസനം	ശ്രീമതി ആരതി ദേവദാസ്	സംയോജിത ശിശു വികസന ഓഫീസർ ഡോ. ശില്പ യു.ജെ
8	പട്ടിക ജാതി വികസനം	ശ്രീ. സെൽവരാജൻ	പട്ടിതജാതി വികസന ഓഫീസർ സന്തോഷ് വി.വി.
9	ആരോഗ്യം	ശ്രീമതി മെറ്റിൽഡ മൈക്കിൾ	മെഡിക്കൽ ഓഫീസർ,കുമ്പളങ്ങി Dr.ആശാമോൾ
10	കുടിവെള്ളം/ശുചിത്വം	ശ്രീമതി. ഷീബ ജേക്കബ്	അസി.എക്സിക്യൂട്ടീവ് എൻജീനീയർ ദിവ്യ മോഹൻ
11	വിദ്യാഭ്യാസം/കല/സംസ്കാരം	അഡ്വ. അഫ്സൽ നമ്പ്യാരത്ത്	സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് മണികണ്ഠൻ.സി.
12	പൊതുമരാമത്ത്/ഊർജ്ജം	ശ്രീമതി. ജെംസി ബിജു	അസിസ്റ്റന്റ് എഞ്ചിനീയർ ദിവ്യ ഭൂപേഷ്
13	മത്സ്യമേഖല	ശ്രീ സാബു തോമസ്	അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ഫിഷറീസ് പോൾ എം.എഫ്
14	ജൈവ വൈവിധ്യ സംരക്ഷണം, കാലാവസ്ഥ വ്യതിയാനം, ദുരന്തനിവാരണം, പരിസ്ഥിതി സംരക്ഷണം	ശ്രീമതി. ബേബി തമ്പി (പ്രസിഡന്റ്)	സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് മണികണ്ഠൻ.സി.

അദ്ധ്യായം – 1

ആമുഖം –വികസന സ്ഥിതി അവസ്ഥ

വികസന സ്ഥിതി അവസ്ഥ

സംസ്ഥാന സർക്കാരിന്റെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് കേന്ദ്ര ഗവൺമെന്റിന്റെ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, സി.എസ്.ആർ ഫണ്ടുകൾ എന്നിവ വിനിയോഗിച്ച് പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന കുമ്പളം, കുമ്പളങ്ങി, ചെല്ലാനം പഞ്ചായത്തുകളിൽ ഉൽപ്പാദന മേഖലയിലും ആരോഗ്യ മേഖലയിലും, പശ്ചാത്തല മേഖലയിലും സേവന മേഖലയിലും സ്ഥായിയായ നിരവധി പദ്ധതികൾ കഴിഞ്ഞ വർഷങ്ങളിൽ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആരോഗ്യമേഖലയ്ക്കായി പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി തുകയുടെ വലിയൊരു ശതമാനം മാറ്റിവയ്ക്കുന്നു. പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള കുമ്പളങ്ങി കമ്മ്യൂണിറ്റി സെന്ററിൽ ഓരോ വർഷവും പ്രകടമായ മാറ്റങ്ങൾ വരുത്തികൊണ്ട് ആരോഗ്യമേഖലയിൽ വളരെ ശ്രദ്ധാപൂർവ്വമായിട്ടുള്ള ഇടപെടലുകളാണ് നടത്തികൊണ്ടിരിക്കുന്നത്. പശ്ചിമകൊച്ചിയിലെ ഏറ്റവും കുറഞ്ഞ നിരക്കിൽ സേവനം നൽകുന്ന ലാബ് സൗകര്യവും സൗജന്യ ഫിസിയോതെറാപ്പി സെന്ററും ആരംഭിച്ചു. സെക്കണ്ടറി പാലിയേറ്റീവ് മരുന്ന് വാങ്ങുന്നതിലേക്കുമായി വലിയ ഒരു തുകയാണ് ബ്ലോക്ക് പഞ്ചായത്ത് മാറ്റി വയ്ക്കുന്നത്. മികച്ച സേവനം നൽകുന്നതിനുവേണ്ടി 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിനായി ഡോക്ടർമാരുടെയും സ്റ്റാഫുകളുടെയും നിയമനവും ബ്ലോക്ക് പഞ്ചായത്തിലൂടെ നടത്തിവരുന്നു. കാർഷിക മേഖലയിൽ നെൽകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയും, പച്ചക്കറി കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുമുള്ള ഇടപെടലുകൾ ശ്രദ്ധേയമാണ്. മാലിന്യസംസ്കരണമേഖലയിലും, ഭിന്നശേഷിക്കാർക്ക് വേണ്ടിയും, പട്ടികജാതി വിഭാഗക്കാർക്കുവേണ്ടിയും, മുതിർന്ന പൗരൻമാർക്കുവേണ്ടിയുമുള്ള നമ്മുടെ പ്രവർത്തനങ്ങൾ ഇനിയും ഊർജ്ജസ്വലമായി കൊണ്ടുപോകേണ്ടതുണ്ട്. സംസ്ഥാന സർക്കാരിന്റെ വ്യവസായ സൗഹൃദം എന്ന ആശയം മുൻ നിർത്തികൊണ്ട് നമ്മുടെ മൂന്നു പഞ്ചായത്തികളിലേയും വനിതകളെ സ്വയം പര്യാപ്തമാക്കുന്നതിനു വേണ്ടിയും, അവർക്കു വരുമാനം നേടികൊടുക്കുന്നതിനു വേണ്ടിയും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പരിശീലനവും, സംരംഭം ആരംഭിക്കുന്നതിനുള്ള സബ്സിഡി സഹായവും നൽകിവരുന്നു. വരുന്നതലമുറയെ മുന്നിൽ കണ്ടുകൊണ്ട് അവർക്ക് ഗുണകരമാകുന്ന രീതിയിലാണ് ഈ വർഷവും നമ്മുടെ വികസന പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യുന്നത്. ഏറ്റവും മികച്ച രീതിയിൽ പദ്ധതിചെലവ് 100% ത്തിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ മുൻ വർഷങ്ങളിലേതുപോലെ ഈ വർഷവും ഉണ്ടാവേണ്ടതുണ്ട്. അതിനായി ഊർജ്ജസ്വലമായി നമുക്കൊരുമിച്ച് മുന്നോട്ടുപോകാം.

അദ്ധ്യായം 2

നടപ്പ് വാർഷിക പദ്ധതി അവലോകനം

2024-25 വർഷത്തെ പ്രോജക്ടുകളുടെ മേഖല തിരിച്ചുള്ള അവലോകനം

ഉൽപാദന മേഖല

നഗരമേഖലയോട് അടുത്ത് കിടക്കുന്ന കുമ്പളം, കുമ്പളങ്ങി, ചെല്ലാനം എന്നീ പഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന പ്രദേശമാണ് പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത്. എങ്കിലും അറബിക്കടലിന്റെയും കായലോര മേഖലകളുടെയും സാമീപ്യമുള്ള ഈ പ്രദേശത്തെ ജനസംഖ്യയിൽ നല്ലൊരു വിഭാഗം കാർഷിക മേഖലയിലും മത്സ്യ മേഖല യിലും ഉൾപ്പെടുന്നവരാണ്. നിരവധി പാടശേഖരങ്ങൾ ഉൾക്കൊള്ളുന്ന ഈ മേഖല ഒരു കാലത്ത് കാർഷിക രംഗത്ത് വളരെ മുന്നിലായിരുന്നു. എങ്കിലും പിൽക്കാലത്ത് പല പാടശേഖരങ്ങളും കൃഷിയിൽ നിന്നും പിന്നോക്കം പോയിട്ടുണ്ട്. നെൽകൃഷി പ്രോത്സാ ഹിപ്പിക്കുന്നതിനായി പാടശേഖരസമിതികളെ ശാക്തീകരിക്കുന്നതിനുള്ള പദ്ധതികൾ ബ്ലോക്ക് പഞ്ചായത്ത് മുൻ വർഷങ്ങളിൽ ഏറ്റെടുത്തിട്ടുണ്ട്. ഈ വർഷവും ഇതിലേ ക്കായി 19 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. ക്ഷീര കർഷക മേഖലയിൽ കാലിത്തീറ്റ സബ്സിഡി നൽകുന്നതിനും, പാൽ ഉൽപ്പാദനത്തിന് ഇൻസന്റീവ് നൽകുന്നതിനുമായി 7,30,000 രൂപ ചെലവഴിച്ചു വരുന്നു. പരമ്പരാഗത മത്സ്യതൊഴിലാളികൾക്ക് വള്ളം കരയ്ക്കടുപ്പിക്കുന്നതിലേക്കായി കുമ്പളം പഞ്ചായ ത്തിൽ ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കുന്നതിനും മത്സ്യ ബന്ധനത്തിനായി വള്ളം, വല എന്നിവ വികസന ഫണ്ട് വഴിയും സിഫ്റ്റിന്റെ സഹായത്തോടെയും നടപ്പിലാക്കി വരുന്നു. സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് വനിതാ മേഖലയിൽ 16,87,500/- രൂപ നീക്കിവച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കി വരുന്നു.

സേവനം

സേവന മേഖലയുയുടെ വികാസവും അതിന്റെ ഫലപ്രാപ്തിയും ആണ് ഇന്നത്തെ വികസന സങ്കൽപ്പത്തിന്റെ അളവുകോലായി കണക്കാക്കുന്നത്. ഒരു പ്രദേശത്ത് താമ സിക്കുന്ന ജനതയുടെ ജീവിത സാഹചര്യത്തിലും അവർക്ക് ലഭ്യമാകുന്ന സൗകര്യ ങ്ങളും ഇവിടെ അളക്കപ്പെടുന്നു. കഴിഞ്ഞ 25 വർഷക്കാലമായി ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഫലമായി നമ്മുടെ ആരോഗ്യമേഖല അത്ഭുതകരമായ നേട്ടമാണ് കൈവരിച്ചിട്ടുള്ളത്. ഈ നേട്ടത്തിന്റെ ആഴവും പരപ്പും കൊറോണ മഹാമാരി പടർന്നു പിടിച്ച ഘട്ടത്തിൽ നമ്മൾ കണ്ടിട്ടുള്ളതാണ്. ആയതുകൊണ്ടുതന്നെ ബ്ലോക്ക് പഞ്ചായ ത്ത് CHC കുമ്പളങ്ങിയിൽ യാതൊരു രീതിയിലുള്ള കുറവുകളും വരുത്താതെ മുന്നോട്ടു പോയിട്ടുള്ളതാണ്. ഇതിനായി CHC ഓഫീസ് ചിലവുകൾ, ഡോക്ടർ, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ തുടങ്ങിയവരുടെ നിയമനവും, ആശുപത്രിയുടെ അടിസ്ഥാന സൗക ര്യവികസനം, ഒ.പി ലാബ് നവീകരണം, CHC യിലേക്ക് മരുന്ന് വാങ്ങൽ, എന്നീ

പ്രവർത്തികളും ഏറ്റെടുത്തിട്ടുണ്ട്. വിട്ടുകിട്ടിയ വിവിധ ആഫീസുകളുടെ ആഫീസ് ചെലവുകൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുകവഴി ആഫീസ് പ്രവർത്തനങ്ങൾ വളരെ സുഗമമായി നടക്കുകയും ഭരണയന്ത്രം യാതൊരു തടസ്സവുമില്ലാതെ പ്രവർത്തിച്ചുപോകുന്നതിന് സാധിക്കുകയും ചെയ്തിട്ടുണ്ട്.

ഭിന്നശേഷിക്കാരായ സഹോദരങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും അവരുടെ കുറവുകൾ ഒരു പരിധിവരെ പരിഹരിക്കുന്നതിനും ആവശ്യമായ ഉപകരണങ്ങൾ വാങ്ങി നൽകുവാനും ബ്ലോക്ക് പഞ്ചായത്ത് ശ്രമിച്ചിട്ടുണ്ട്. ഇതിനായി ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്, ഭിന്നശേഷിയുള്ളവർക്ക് മെഡിക്കൽ ക്യാമ്പ്, ഭിന്നശേഷി കലോൽസവം എന്നീ പ്രവർത്തികൾ നടപ്പിലാക്കുക വഴി സമൂഹത്തിലെ ദുരിതമനുഭവിക്കുന്ന വിഭാഗത്തിന് ഒരുപരിധിവരെ സഹായമെത്തിക്കാനും ബ്ലോക്ക് പഞ്ചായത്തിന്റെ സാമൂഹിക പ്രതിബദ്ധത നിറവേറ്റാനും സാധിച്ചിട്ടുണ്ട്.

വളർന്നുവരുന്ന തലമുറയുടെ ആരോഗ്യപരിപാലനത്തിലും ബ്ലോക്ക് പഞ്ചായത്തിന്റെ ശക്തമായ ഇടപെടൽ ഉണ്ടായിട്ടുണ്ട്. അങ്കണവാടികളിലെ അനുപൂരക പോഷകാഹാര വിതരണത്തിനായി ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം ഈ വർഷവും നൽകിയിട്ടുള്ളതാണ്.

ഒരു പ്രദേശത്തിന്റെ വികസനം ഒറ്റ നോട്ടത്തിൽ മനസിലാക്കുന്നതിന് ആപ്രദേശത്തെ നിർമ്മിതികളും അടിസ്ഥാന സൗകര്യങ്ങളും ഒന്ന് കണ്ണോടിച്ചാൽ മതിയാകും. നമ്മുടെ പ്രദേശം വെള്ളക്കെട്ട്കൊണ്ട് പൊറുതി മുട്ടുന്ന പ്രദേശമാണെങ്കിലും വളരെ നല്ല രീതിയിലുള്ള കാനകളുടെയും കലിങ്കുകളുടെയും നിർമ്മാണം മൂലം വെള്ളക്കെട്ടിന് ഒരു പരിധിവരെ പരിഹാരം കാണുവാൻ സാധിച്ചിട്ടുള്ളതും വൃത്തിയുള്ള നടപ്പാതകൾ പ്രദേശവാസികൾക്ക് ലഭ്യമാക്കാൻ കഴിഞ്ഞിട്ടുമുള്ളത് വളരെ അഭിമാനകരമായ നേട്ടമാണ്. ഇതിനായി വിവിധ ഇടങ്ങളിൽ കാന, കവർസ്ലാബ്, ഫുട്പാത്ത് എന്നിവ 2024–25 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടെന്നത് വളരെ അഭിമാനപുരസരം പറയാവുന്ന വസ്തുതയാണ്. കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശമാണ് നമ്മുടെ പഞ്ചായത്തുകൾ. ഇവിടങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കിണറുകളും കുളങ്ങളും ശുദ്ധീകരിക്കുന്നതിനാവശ്യമായ തുകയും, വിവിധ പഞ്ചായത്തുകളിലെ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനും പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുള്ളതാണ്.

പ്രദേശത്തെ യുവജനങ്ങളുടെ കലാവാസനകൾ വികസിപ്പിക്കുന്നതിനും അവരെ അറിയപ്പെടുന്ന കലാകാരന്മാരായി വാർത്തെടുക്കുന്നതിനുമായി വജ്രജൂബിലി കലാകാരൻമാരുടെ സഹായത്തോടെ മികച്ച രീതിയിൽ പദ്ധതി രൂപീകരിക്കുകയും വളർന്നുവരുന്ന പ്രതിഭകൾക്ക് ആവശ്യമായ പ്രോത്സാഹനവും പരിശീലനവും നൽകിവരുന്നു.

വീട് എന്ന സ്വപ്നം മനുഷ്യജീവിതത്തിലെ ഒരു അവിഭാജ്യഘടകമാണ്. ഒരു മനുഷ്യന് മേൽവിലാസം നൽകുന്ന ഭൗതിക നിർമ്മിതിയാണ് അവന്റെ വീട്. അഭിമാനത്തോടെയും സുരക്ഷിതത്വത്തോടെയും സ്വന്തമായ ഒരു വീട്ടിൽ അന്തി ഉറങ്ങുക എന്നത് ഏതൊരു മനുഷ്യന്റെയും സ്വപ്നമാണ്. 2024–25 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് 54 ലക്ഷം രൂപയോളം ഭവനനിർമ്മാണ മേഖലയിൽ വകയിരുത്തിയിട്ടുണ്ട്.

പശ്ചാത്തലം

പിന്നണിയിലെ പ്രവർത്തനങ്ങളും ഭംഗിയായി നടന്നെങ്കിലേ ഒരു ഉദ്യമം അതിന്റെ ഫലപ്രാപ്തിയിൽ എത്തികയുള്ളൂ. പശ്ചാത്തല പ്രവർത്തനങ്ങളുടെ ഭാഗമായി പള്ളുരുത്തി ബ്ലോക്ക് ഓഫീസ് മെയിന്റനൻസ്, സി.എച്ച്.സി നവീകരണം, ഒ.പി അടി സ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, എക്സ്റേ യൂണിറ്റ് സ്ഥാപിക്കുന്നതിന് അടിസ്ഥാ ന സൗകര്യമൊരുക്കൽ, വിവിധ പഞ്ചായത്തുകളിൽ മാനദണ്ഡങ്ങൾക്കു വിധേയമായി റോഡുകളുടെ നിർമ്മാണം, കാനകളുടെ നിർമ്മാണം, സ്ലൂയിസ്സുകൾ, ഫിഷ് ലാൻഡിംഗ് സെന്റർ, വിവിധ തോടുകളുടെയും റോഡുകളുടെയും പാർശ്വഭിത്തി നിർമ്മാണം തുട ങ്ങിയവ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

പട്ടികജാതി വിഭാഗം

സമൂഹത്തിൽ പിന്നോക്ക വിഭാഗത്തിനെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്നത് ഏതൊരു പരിഷ്കൃത സമൂഹത്തിന്റെയും കടമയാണ്. ഈ ലക്ഷ്യം മുന്നിൽ ക ണ്ടുകൊണ്ടാണ് എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി, എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി പൂർത്തീകരണം, പട്ടികജാതി വിഭാഗത്തിന് ലൈഫ് സ്കീമിനായി പഞ്ചായത്തു കൾക്ക് തുക കൈമാറൽ എന്നീ പ്രോജക്ടുകൾ നടപ്പിലാക്കി വരുന്നത്.

തൊഴിൽ സംരംഭ മേഖലയിൽ ഈ വിഭാഗത്തിനായി 15 ലക്ഷം രൂപ നീക്കി വയ്ക്കുകയും മികച്ച തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയും ചെയ്യുന്നു. എസ്.സി ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകുന്നതിലേക്കായി 3,00,000 രൂപയും വകയിരുത്തിയിട്ടുണ്ട്.

2024–25 വർഷത്തിലും മുൻവർഷത്തെ നേട്ടത്തിനൊപ്പമെത്തുവാൻ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി ചെലവുകൾ 100% എത്തിക്കുവാൻ ഏവരുടെയും സഹകരണം തുടർന്നും ഉണ്ടാകുമെന്ന പ്രതീക്ഷയോടെ 2024–25 ൽ നടപ്പിലാക്കി വരുന്ന പ്രോജക്ടുകളുടെ വിശദവിവരങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.

2024–25 വാർഷിക പദ്ധതികളുടെ ലക്ഷ്യങ്ങളും നേട്ടങ്ങളും

പ്രോജ. നം.	പദ്ധതിയുടെ പേര്	പദ്ധതി തുക	പദ്ധതിയുടെ ലക്ഷ്യം
12	ഐകെഎം- വിഹിതം നല്കല്	32857	പൂർത്തിയായി
13	വജ്രജൂബിലി കലാകാരന്മാർക്ക് ഫെലോഷിപ്പ്	270000	പൂർത്തിയായി
14	ലൈഫ് എസ് സി ഗുണഭോക്താക്കള്ക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നല്കല്	1298400	പൂർത്തിയായി
22	അതി ദാരിദ്ര നിർമാർജന ഉപപദ്ധതി- ഗ്രാമപഞ്ചായത്തുകള്ക്ക് തുക കൈമാറല്	300000	നടപ്പിലാക്കി വരുന്നു
24	ലൈഫ് ഗുണഭോക്താക്കള്ക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നല്കല് -ജനറല്	630000	പൂർത്തിയായി
40	പദ്ധതി രൂപീകരണവും മോണിറ്ററിംഗും	100000	നടപ്പിലാക്കി വരുന്നു
41	കേരളോത്സവം	50000	പൂർത്തിയായി
50	ഐ എസ് ഒ സർട്ടിഫിക്കേഷന് അനുബന്ധ ചെലവുകള്	200000	നടപ്പിലാക്കി വരുന്നു
55	ചെല്ലാനം ഗ്രാമപഞ്ചായത്തില് പൈപ്പ് ലൈന് എക്സ്റ്റന്ഷന് - കേരളാ വാട്ടർ അതോറിറ്റിക്ക് തുക കൈമാറല്	772000	പൂർത്തിയായി
57	മത്സ്യ തൊഴിലാളികള്ക്ക് വള്ളം വല - കുമ്പളങ്ങി ഗ്രാമപഞ്ചായത്തിന് തുക കൈമാറല്	300000	പൂർത്തിയായി
65	പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് പുതിയ വാഹനം വാങ്ങല്	1300000	പൂർത്തിയായി
70	എ ബി സി പ്രോഗ്രാം -കൊച്ചി കോർപറേഷന് വിഹിതം നല്കല്	250000	നടപ്പിലാക്കി വരുന്നു
71	ഹാപ്പിനെസ്സ് പാർക്ക് -കുമ്പളം ഗ്രാമപഞ്ചായത്തിന് തുക കൈമാറല്	500000	നടപ്പിലാക്കി വരുന്നു
76	കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് വാർഡ് 5 ആലത്തറ കോളനി റോഡ് സൈഡ് പ്രൊട്ടക്ഷനും കോണ്ക്രീറ്റിംഗും - ഗ്രാമപഞ്ചായത്തിന് തുക കൈമാറല്	470000	പൂർത്തിയായി

			പൂർത്തിയായി
82	കുമ്പളം വാർഡ് 4 തെങ്ങുംപള്ളി റോഡ് - ഗ്രാമപഞ്ചായത്തിനു തുക കൈമാറല്	177000	
83	ഓള്ഡ് ഏയ്ജ് ഹൌസ് - കുമ്പളം ഗ്രാമപഞ്ചായത്തിന് വിഹിതം നല്കല്	400000	പൂർത്തിയായി
88	മത്സ്യതൊഴിലാളികള്ക്ക് വള്ളം വല - കുമ്പളം ഗ്രാമപഞ്ചായത്തിന് തുക കൈമാറല്	249726	പൂർത്തിയായി
92	കുമ്പളം ഗ്രാമപഞ്ചായത്ത് വാർഡ് 10 ഈഴാട്ടില് നടപ്പാത - ഗ്രാമപഞ്ചായത്തിനു തുക കൈമാറല്	525000	പൂർത്തിയായി
93	കുമ്പളം ഗ്രാമപഞ്ചായത്ത് വാർഡ് 6 ചാത്തമ്മ ഫിഷ് ലാന്റ് - ഗ്രാമപഞ്ചായത്തിന് തുക കൈമാറല്	490000	പൂർത്തിയായി
95	പൊതുകുളം - കിണർ നവീകരണം - കുമ്പളം കുമ്പളങ്ങി ചെല്ലാനം ഗ്രാമപഞ്ചായത്തുകള്ക്ക് തുക കൈമാറല്	541332	നടപ്പിലാക്കി വരുന്നു
96	വിവിധ ലൈബ്രറികള്ക്ക് പുസ്തകം	100000	പൂർത്തിയായി
98	കുമ്പളങ്ങി ഗ്രാമപഞ്ചായത്തില് പൈപ്പ് ലൈന് എക്സ്റ്റന്ഷന് - കേരളാ വാട്ടർ അതോറിറ്റിക്ക് തുക കൈമാറല്	500000	പൂർത്തിയായി
99	ലൈഫ്-പി എം എ വൈ ഗുണഭോക്താക്കള്ക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നല്കല് ജനറല്	408000	പൂർത്തിയായി
100	ബ്ലോക്ക് ഓഫീസില് പഞ്ചിംഗ് മെഷീന് സ്ഥാപിക്കല്	73213	പൂർത്തിയായി
102	ചെല്ലാനം ഗ്രാമപഞ്ചായത്തില് പൈപ്പ് ലൈന് എക്സ്റ്റന്ഷന് - കേരളാ വാട്ടർ അതോറിറ്റിക്ക് തുക കൈമാറല്	770768	പൂർത്തിയായി
104	ലൈഫ്-പി എം എ വൈ എസ്സി ഗുണഭോക്താക്കള്ക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നല്കല്	400000	നടപ്പിലാക്കി വരുന്നു

105	ചെല്ലാനം വിജയം കനാല് പൈപ്പ് ലൈന് റീപ്ലേസ്മെന്റ് രണ്ടാം ഘട്ടം - വാട്ടർ അതോറിറ്റിക്ക് തുക കൈമാറല്	320482	നടപ്പിലാക്കി വരുന്നു
106	കുമ്പളം ഗ്രാമപഞ്ചായത്തില് പൈപ്പ് ലൈന് എക്സ്റ്റന്ഷന് - കേരളാ വാട്ടർ അതോറിറ്റിക്ക് തുക കൈമാറല്	500000	നടപ്പിലാക്കി വരുന്നു
108	ചെല്ലാനം വാർഡ് 4 മൂർത്തി അമ്പലത്തിന് പടിഞ്ഞാറ് വശം വടക്കോട്ടുള്ള വഴി കാന കവർ സ്ലാബ് -ഗ്രാമപഞ്ചായത്തിന് തുകകൈമാറല്	200000	നടപ്പിലാക്കി വരുന്നു
110	കുമ്പളങ്ങി എസ് എന് ഡി പി കരീത്തറ ബൈലൈന് റോഡ് ഗ്രാമപഞ്ചായത്തിന് തുക കൈമാറല്	49017	പൂർത്തിയായി
111	കുമ്പളങ്ങി വാർഡ് 16 സ്വരാജ് - കടവില് പറമ്പില് ലിങ്ക് റോഡ് നിർമ്മാണം ഗ്രാമപഞ്ചായത്തിന് തുക കൈമാറല്	160000	പൂർത്തിയായി
112	ചെല്ലാനം വാർഡ് 17 ഫിഷെർമെന് കോളനി റോഡ് കോണ്ക്രീറ്റിംഗ്-ഗ്രാമപഞ്ചായത്തിന് തുക കൈമാറല്	200000	പൂർത്തിയായി
113	കുമ്പളങ്ങി വാർഡ് 11 എസ്എന്ഡിപി കരീത്തറ ബൈലൈന് റോഡ് കാന നടപ്പാത - ഗ്രാമപഞ്ചായത്തിന് തുക കൈമാറല്	700000	പൂർത്തിയായി
121	ബ്ലോക്ക് തല ജോബ് ഫെസ്റ്റ്	10000	നടപ്പിലാക്കി വരുന്നു
135	കുമ്പളം ഗ്രാമപഞ്ചായത്തില് പൈപ്പ് ലൈന്എക്സ്റ്റെന്ഷന് -വാട്ടർ അതോറിറ്റിക്ക് തുക കൈമാറല്	155354	നടപ്പിലാക്കി വരുന്നു
138	പി എം എ വൈ ഗുണഭോക്താക്കള്ക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നല്കല് ജനറല്	3270000	പൂർത്തിയായി
140	പി എം എ വൈ ഗുണഭോക്താക്കള്ക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നല്കല് എസ്സി	800000	നടപ്പിലാക്കി വരുന്നു
143	ബ്ലോക്ക്പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളില് വാട്ടർപ്യൂരിഫയർ സ്ഥാപിക്കല്	1699998	നടപ്പിലാക്കി വരുന്നു

ProjNo	ProjectName	PlanGen	
3	മെഡിക്കല് ഓഫീസർ ഓഫീസ് ചിലവുകള്	800000	നടപ്പിലാക്കി വരുന്നു
4	സെക്കന്ററി പാലിയേറ്റീവ് കെയർ	800000	നടപ്പിലാക്കി വരുന്നു
5	ജില്ലാ കാന്സർ നിയന്ത്രണ പരിപാടി 5-0 ഘട്ടം	50000	നടപ്പിലാക്കി വരുന്നു
6	ഡോക്ടർ പാരാ മെഡിക്കല് സ്റ്റാഫ് വേതനം	1899205	നടപ്പിലാക്കി വരുന്നു
7	സി എച്ച് സി യിലേക്ക് മരുന്ന്	1500000	പൂർത്തിയായി
8	സി എച്ച് സി യിലേക്ക് ഫർണിച്ചർ വാങ്ങല്	500000	പൂർത്തിയായി
90	സിഎച്ച്സി യിലേക്ക് ജനറേറ്റർ സ്ഥാപിക്കുന്നതിന് അനുബന്ധ സൌകര്യങ്ങള് ഒരുക്കല്	1000000	നടപ്പിലാക്കി വരുന്നു
91	കുമ്പളങ്ങി സിഎച്ച്സിയില് എക്സ്റേ മെഷീനും അനുബന്ധ സൌകര്യങ്ങളും സ്ഥാപിക്കല്	2700000	പൂർത്തിയായി
125	കൌമാര പെണ്കുട്ടികള്ക്ക് വിളർച്ച തടയുവാന് അയണ് സപ്ലിമെന്റ്	10000	പൂർത്തിയായി
130	സി എച്ച് സി യിലേക്ക് പ്രതിരോധ മരുന്നുകള്	25000	പൂർത്തിയായി
132	സി എച്ച് സി യില് ഫിസിയോ തെറാപ്പിസെന്ററിലേക്ക് സി പി എം മെഷീന്	89000	പൂർത്തിയായി
133	സി എച്ച് സി യില് മൊബൈല് എന് സി ഡി	30000	നടപ്പിലാക്കി വരുന്നു
10	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി	1200000	നടപ്പിലാക്കി വരുന്നു
21	പട്ടികജാതി യുവജനങ്ങശക്ക് വാദ്യോപകരണങ്ങശ വാങ്ങി നല്കൽ	300000	പൂർത്തിയായി
31	പഠനമുറി പൂർത്തീകരണം 2018-19	50000	പൂർത്തിയായി
38	പട്ടികജാതി വികസന ഓഫീസ് ദൈനംദിന ചെലവുകൾ	20000	നടപ്പിലാക്കി വരുന്നു

72	പട്ടികജാതി വികസന ഓഫീസിലേക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ	50000	നടപ്പിലാക്കി വരുന്നു
75	എസ് സി വിദ്യാർഥികൾക്ക് പഠനമുറി പൂർത്തികരണം 2020-21 2021-22	75000	പൂർത്തിയായി
77	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി	421008	നടപ്പിലാക്കി വരുന്നു
79	എസ്സി വിദ്യാർഥികൾക്ക് പഠനമുറി പൂർത്തികരണം 2022-23	75000	പൂർത്തിയായി
80	പട്ടികജാതി യുവജനങ്ങൾക്ക് വദ്യോപകരണങ്ങൾ വാങ്ങി നൽകല്	150000	പൂർത്തിയായി
126	എസ് സി വിദ്യർത്ഥികൾക്ക് ലാപ്ടോപ്	550000	നടപ്പിലാക്കി വരുന്നു
ProjNo	ProjectName	PlanGen	
15	ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ്	1650000	പൂർത്തിയായി
16	അങ്കണവാടി അനുപൂരക പോഷകാഹാരം ബ്ലോക്ക് വിഹിതം നൽകുക	600000	പൂർത്തിയായി
17	ബഡ്സ് റീഹാബിലിറ്റേഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്റർ	240000	പൂർത്തിയായി
18	ഭിന്നശേഷി കലോത്സവം	50000	പൂർത്തിയായി
20	സി ഡി പി ഒ ഓഫീസ് ചെലവുകള്	35000	നടപ്പിലാക്കി വരുന്നു
ProjNo	ProjectName	PlanGen	
1	വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴില് സംരംഭം തുടങ്ങുന്നതിന് ധനസഹായം	1500000	നടപ്പിലാക്കി വരുന്നു
67	എസ് സി വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിനു ധനസഹായം നൽകുക	450000	നടപ്പിലാക്കി വരുന്നു
68	എസ് സി ഗ്രൂപ്പിന് സ്വയം തൊഴിൽ സംരഭം തുടങ്ങുന്നതിനു ധനസഹായം നൽകുക	750000	നടപ്പിലാക്കി വരുന്നു
86	വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴില് സംരംഭം തുടങ്ങുന്നതിന് ധനസഹായം	187500	പൂർത്തിയായി
87	എസ് സി വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിന് ധനസഹായം നൽകല്	650000	പൂർത്തിയായി

ProjNo	ProjectName	PlanGen	
74	സമുദ്ര മേഖലയിലെ മത്സ്യ തൊഴിലാളികൾക്ക് ഫൈബർ റീ ഇൻഫോഴ്സ്ഡ് കട്ടമരം ചെറിയ തടിവള്ളം	550000	നടപ്പിലാക്കി വരുന്നു
89	എഫ് ർ പി കട്ടമരം ചെറിയ തടിവള്ളം	143975	പൂർത്തിയായി

ProjNo	ProjectName	PlanGen	
26	നെൽകൃഷി വികസിനതിനായി കുമ്പളം പഞ്ചായത്തില് സ്ളുയിസ് സ്ഥാപിക്കല്	1200000	നടപ്പിലാക്കി വരുന്നു
27	കുമ്പളങ്ങി സി എച്ച് സി യുടെ അടിസ്ഥാന സൗകര്യ വികസനം	4009868	നടപ്പിലാക്കി വരുന്നു
29	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയരുടെ ഓഫീസ് വാഹനവാടക	180000	പൂർത്തിയായി
33	കുമ്പളം വാർഡ് 7 ജനത റോഡ് പുനരുദ്ധാരണം	700000	പൂർത്തിയായി
34	കുമ്പളങ്ങി വാർഡ് 7വ്യസപുരം റോഡിൽ കാന കവർ സ്ളാബ് നിർമ്മാണം	560000	പൂർത്തിയായി
37	കുമ്പളം ഗ്രാമ പഞ്ചായത്ത് സെന്റ് അന്റണീസ് റോഡ് പുർതീകരണം	600000	പൂർത്തിയായി
39	ചെല്ലാനം ഗ്രാമ പഞ്ചായത്ത് വാർഡ് 11 ഉണ്ണീശോ പറമ്പിനു തെക്കോട്ട് സംരക്ഷണ ഭിത്തി നിർമ്മാണം	700000	നടപ്പിലാക്കി വരുന്നു
42	കുമ്പളം വാർഡ് 12 അവുക്കാദർ കുട്ടി നഹ റോഡ് പുനരുദ്ധാരണം	700000	പൂർത്തിയായി
43	ചെല്ലാനം വാർഡ് 7 സെന്റ് ആന്റണീസ് ചാപ്പലിന് പടിഞ്ഞാറ് ഗ്യാപ് റോഡിൽ കാന കവർസ്ലാബ്	218332	പൂർത്തിയായി
45	ചെല്ലാനം വാർഡ് 15 പൊഴിചിറ കൽചിറ നിർമാണം	700000	നടപ്പിലാക്കി വരുന്നു
46	ചെല്ലാനം വാർഡ് 14 തരേപറമ്പ് പാർശ്വഭിത്തി നിർമാണം	700000	
48	അസി എക്സിക്യൂട്ടീവ് എങ്ങിനീയരുടെ ഓഫീസ് ദൈനംദിന ചെലവുകള്	100000	നടപ്പിലാക്കി വരുന്നു
49	എ ഇ ഇ ഓഫീസിലേക്ക് പ്രിന്റർ വാങ്ങല്	50000	നടപ്പിലാക്കി വരുന്നു
81	കുമ്പളങ്ങി സി എച്ച് സി നവീകരണം	2454132	പൂർത്തിയായി

114	അസിഎക്സിഎഞ്ചിനിയർ ഓഫീസ് വാഹനവാടക	4000	പൂർത്തിയായി
115	ചെല്ലാനം വാർഡ് 3 വേളാങ്കണ്ണി കുരിശുപള്ളിക്ക് വടക്കോട്ട് തോട് സംരക്ഷണ ഭിത്തി കെട്ടി കവർസ്ലാബ് സ്ഥാപിക്കല്	470000	നടപ്പിലാക്കി വരുന്നു
116	ചെല്ലാനം വാർഡ് 11 അംഗൻവാടിറോഡ് സംരക്ഷണ ഭിത്തി നിർമ്മാണം	528434	പൂർത്തിയായി
117	ബ്ലോക്ക് ഓഫീസ് സൗകര്യം വർദ്ധിപ്പിക്കുന്നതിലേക്ക് പാർട്ടീഷന് ചെയ്യല്	5188	പൂർത്തിയായി
118	പാടശേഖരങ്ങൾക്ക് പെട്ടി പറ മോട്ടോര് സ്ഥാപിക്കുന്നതിന് മോട്ടോർ ഷെഡ്	218850	പൂർത്തിയായി
124	സി എച്ച് സി യിൽ തുമ്പൂര് മുഴി മോഡല് ബയോകാമ്പോസ്റ്റ്	250000	നടപ്പിലാക്കി വരുന്നു
127	ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് സമുച്ചയം നിർമ്മാണത്തിന് മുന്നോടിയായി മണ്ണ് പരിശോധനയും ഡി പി ആർ തയ്യാറാക്കലും	250000	പൂർത്തിയായി
136	സി എച്ച്സി കോമ്പൗണ്ടിൽ മിനി പാർക്ക്	600000	നടപ്പിലാക്കി വരുന്നു
51	കുമ്പളം വാർഡ് 6 മട്ടലിപ്പാടം മെയിന് റോഡ്- ഗ്രാമപഞ്ചായത്തിന് തുക കൈമാറല്	500000	പൂർത്തിയായി
52	കുമ്പളം വാർഡ് 3 പേണാവീട് റോഡ് - ഗ്രാമപഞ്ചായത്തിന് തുക കൈമാറല്	200000	നടപ്പിലാക്കി വരുന്നു
53	കുമ്പളങ്ങി വാർഡ് 1 കല്ലഞ്ചേരി കായല് റോഡിലും ബൈലൈൻ നടപാതയിലും കാന റൈസിംഗും കോൺക്രീറ്റിംഗും- ഗ്രാമപഞ്ചായത്തിന് തുക കൈമാറല്	500000	നടപ്പിലാക്കി വരുന്നു
54	കുമ്പളങ്ങി വാർഡ് 13 ഭുവനേശ്വരി റോഡില് കാന കവർ സ്ളാബ് നിർമ്മാണം - നടപ്പാത പുനരുദ്ധാരണം ഗ്രാമപഞ്ചായത്തിന് തുക കൈമാറല്	314000	നടപ്പിലാക്കി വരുന്നു
56	കുമ്പളങ്ങി വാർഡ് 16 സ്വരാജ് കടവിൽപറമ്പില് ലിങ്ക് റോഡ് കോൺക്രീറ്റിംഗ്- ഗ്രാമപഞ്ചായത്തിന് തുക കൈമാറല്	260000	പൂർത്തിയായി
58	കുമ്പളങ്ങി വാർഡ് 7വ്യസപുരം ലിങ്ക് റോഡിന്റെ സൈഡ് കോൺക്രീറ്റിംഗ് - ഗ്രാമപഞ്ചായത്തിന് തുക കൈമാറല്	140000	പൂർത്തിയായി
59	ചെല്ലാനം വാർഡ് 17 പനക്കല് പാലത്തിന് പടിഞ്ഞാറ് വാച്ചാക്കൽ ലൈന് റോഡില് കാന കവർ സ്ലാബ് സൈഡ് കോൺക്രീറ്റിംഗ്- ഗ്രാമപഞ്ചായത്തിന് തുക കൈമാറല്	136000	നടപ്പിലാക്കി വരുന്നു

60	ചെല്ലാനം വാർഡ് 20 മഠത്തിപ്പറമ്പില് ഏജൻസിക്ക് സമീപം പടിഞ്ഞാറോട്ടുള്ള നടപ്പാതയിൽ കാന കവർസ്ലാബ് - ഗ്രാമപഞ്ചായത്തിന് തുക കൈമാറല്	250000	നടപ്പിലാക്കി വരുന്നു
61	ഓൾഡ് എയജ് ഹോം കുമ്പളം ജി പി ക്ക് വിഹിതം	825666	നടപ്പിലാക്കി വരുന്നു
62	ചെല്ലാനം വാർഡ് 20 53-ാം നമ്പർ അംഗനവാടിയിലേക്കുള്ള വഴിയില് കാന കവർ സ്ലാബ് - ഗ്രാമപഞ്ചായത്തിന് തുക കൈമാറല്	350000	നടപ്പിലാക്കി വരുന്നു
122	കുമ്പളം വാർഡ് 17 18 കരീത്തറ സെന്റ് ജോസഫ് റോഡ് -ഗ്രാമ പഞ്ചായത്തിന് തുക കൈമാറല്	700000	നടപ്പിലാക്കി വരുന്നു
128	കുമ്പളങ്ങി ഗ്രാമ പഞ്ചായത്ത് വാർഡ് 17 എട്ടുങ്കൽ ലൈന് പുനരുദ്ധാരണം-2023-24ലെ ഗ്രാമ പഞ്ചായത്ത് പ്രവൃത്തിക്കു തുക കൈമാറല്	180000	പൂർത്തിയായി
134	കുമ്പളങ്ങി വാർഡ് 16 പടന്നേക്കാട്ട് കോളനി അപ്രോച്ച് റോഡിന്റെ പുനരുദ്ധാരണം-ഗ്രാമ പഞ്ചായത്തിന് തുക കൈമാറല്	404608	നടപ്പിലാക്കി വരുന്നു
141	ചെല്ലാനം ഗ്രാമപഞ്ചായത്ത് അങ്കണവാടി37ൽ കിച്ചൺകബോർഡ്നിർമ്മാണവും പെയിന്റിങ്ങും ഗ്രാമ പഞ്ചായത്തിന്തുക കൈമാറല്	100000	നടപ്പിലാക്കി വരുന്നു
142	17 ചെല്ലാനം വാർഡ്കളത്തില് ലൈന് അങ്കണവാടി 49 നു സമീപം കാനയും നടപ്പാതയും നിർമ്മാണം ഗ്രാമ പഞ്ചായത്തിന്തുക കൈമാറല്	350000	നടപ്പിലാക്കി വരുന്നു
2	പാലിന് സബ്സിഡി	330000	പൂർത്തിയായി
9	ക്ഷീരവികസന യുണിറ്റ് ഓഫീസ് ചെലവുകള്	30000	നടപ്പിലാക്കി വരുന്നു
11	ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി	400000	പൂർത്തിയായി
25	വനിത ഗ്രൂപ്പുകള്ക്ക് പച്ചക്കറി ഇടവിള കൃഷി പ്രോത്സാഹനം	400000	പൂർത്തിയായി
28	എഡിഎ ഓഫീസിലെ ചിലവുകള്	20000	പൂർത്തിയായി
32	ചെറുധാന്യ കൃഷി പ്രോത്സാഹനം- ഗ്രാമ പഞ്ചായത്തുകള്ക്ക് തുക കൈമാറല്	2400	പൂർത്തിയായി
119	കൃഷി ഗ്രൂപ്പുകൾക്ക് കാർഷിക ഉപകരണങ്ങള് വാങ്ങി നൽകല്	55555	പൂർത്തിയായി

അദ്ധ്യായം – 3

പ്രശ്നവിശകലനവും പ്രശ്നപരിഹാര സാധ്യതകളും

ജനകീയാസൂത്രണം വഴി കഴിഞ്ഞ 28 വർഷമായി ജനോപകാരപ്രദമായ വികസന പ്രവർത്തനങ്ങൾ പ്രദേശ വാസികൾ തന്നെ നിർദ്ദേശിച്ച് നടപ്പിലാക്കി വികസനത്തിലേക്ക് കുതിക്കുന്ന കാഴ്ചയാണ് കേരളമൊട്ടാകെ വീക്ഷിക്കാൻ സാധിക്കുന്നത്. നിർദ്ദേശിക്കപ്പെടുന്ന എല്ലാ പദ്ധതികളും നടപ്പിലാക്കാൻ സാധിക്കാതെ വരുന്നുണ്ട് എന്നത് ഒരു വസ്തുതയാണ്. എന്നാൽ നടപ്പിലാക്കാൻ സാധിച്ചിട്ടുള്ളത് ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ടോ എന്ന പരിശോധനയാണ് ഇവിടെ നടക്കുന്നത്.

1. പൊതുഭരണവും ധനകാര്യവും

ഭരണ നിർവ്വഹണം കാര്യക്ഷമമാകണമെങ്കിൽ ഓഫീസും ഇവിടെ ഉപയോഗിക്കുന്ന ഉപകരണങ്ങളും കാലികമായി നവീകരിക്കേണ്ടത് വളരെ ആവശ്യമാണ്. ഇ-ആഫീസ് നടപ്പിലാക്കിയപ്പോൾ എല്ലാ സീറ്റിലും കംമ്പ്യൂട്ടറുകളും അനുബന്ധ സാധനങ്ങളും സ്ഥാപിക്കാനും കഴിഞ്ഞിട്ടുള്ളതാണ്. ഇതു മൂലം പൊതു ജനങ്ങൾക്ക് ആഫീസിൽ വരാതെ സേവനം അവരുടെ വീടുകളിൽ എത്തിക്കുക എന്ന ലക്ഷ്യം ബ്ലോക്ക് പഞ്ചായത്ത് കൈവരിക്കുകയും പേപ്പർലെസ് ആഫീസ് എന്ന ലക്ഷ്യത്തോടടുത്തുകൊണ്ടിരിക്കുകയുമാണെന്ന് നിസ്സംശയം പറയാവുന്നതാണ്. ബ്ലോക്ക് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം ജീർണ്ണാവസ്ഥയിലാണെങ്കിലും ഭൂമിയുടെ ദൗർലഭ്യം മൂലം പുതിയ കെട്ടിടം നിർമ്മിക്കുവാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. കെട്ടിടങ്ങളിലെ വൈദ്യുതീകരണം പുതുക്കേണ്ടതും ഇലക്ട്രിക്കൽ/ഇലക്ട്രോണിക് ഉപകരണങ്ങളുടെ കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതും ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് അനിവാര്യമാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കുവാൻ നിലവിലെ കെട്ടിടം പൊളിച്ച് ഇതേ സ്ഥലത്ത് എം. എൽ.എ യുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കുവാൻ നടപടികൾ പുരോഗമിച്ചു വരുന്നു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിന് പുതിയ വാഹനം വാങ്ങുന്നതിന് ഈ സാമ്പത്തിക വർഷം സാധിച്ചു.

2. കൃഷി

2024-25 ബ്ലോക്ക് ജനകീയാസൂത്രണത്തിൽ കൃഷി ഗ്രൂപ്പുകൾക്ക കാർഷികോപകാരണങ്ങൾ , പാടശേഖരത്തിനു 30 HP പെട്ടി പറ, മോട്ടോർ ഷെഡ് എന്നീ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കാർഷികോപകാരണങ്ങൾ ഉപയോഗിക്കുന്നതു വഴി കൃഷി അനായാസകരമായി ചെയ്യുവാൻ സാധിക്കുന്നതിനു സഹായകരമാവുന്നു.

നെൽ കൃഷി അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ

പൊക്കാളി കൃഷിക്ക് വളരെയധികം പ്രാധാന്യം പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്തു നൽകി വരുന്നു പൊക്കാളി മേഖലയിലെ പ്രകൃതിയുടെ സംതുലനാവസ്ഥ നിലനിർത്തുവാൻ "ഒരു നെല്ലും ഒരു മീനും" എന്ന കൃഷി രീതി അത്യാവശ്യമാണ്. പ്രകൃതിയെ മാത്രം ആശ്രയിച്ചു നടത്തുന്ന കൃഷി ആയതുകൊണ്ട് കാലാവസ്ഥ വ്യതിയാനങ്ങൾ പൊക്കാളി കൃഷിയെ വളരെയധികം പ്രതികൂലമായി ബാധിച്ചിരിക്കുന്നു. തൊഴിലാളികളുടെ സമയബന്ധിതമായ ലഭ്യതക്കുറവും വർധിച്ച കൂലിച്ചെലവും നെല്ലിക്കോഴിയുടെ ശല്യവും എല്ലാം കർഷകരെ നെൽകൃഷിയിൽ നിന്നും പിന്തിരിപ്പിക്കുന്നു.

നെൽകൃഷിക്കായ് കൃത്യസമയത്തു വെള്ളം വറ്റിക്കുക എന്നത് പ്രധാനമാണ് ഫിൽടേഷൻ കാലയളവ് നീട്ടുന്നത് കൃഷിയെ പ്രതികൂലമായി ബാധിക്കുന്നതിനു ഇടയാകുന്നു. പൊക്കാളി കൃഷി, നിലം ഒരുക്കൽ, കൊയ്ത്ത് എന്നിവയുടെ യന്ത്രവൽക്കരണം വരേണ്ടത് അത്യാവശ്യമാണ് നെൽകൃഷി നടന്നാൽ മാത്രമേ മൽസ്യകൃഷിക്ക് അനുകൂലമായ സാഹചര്യം ഉണ്ടാവുകയുള്ളൂ. നെൽകൃഷിക്കായ് നൽകുന്ന ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്തി നെൽ കൃഷി ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്.

3. മൃഗസംരക്ഷണവും ക്ഷീരവികസനവും

നമ്മുടെ സംസ്ഥാനം അതിവേഗം ക്ഷീരമേഖലയിൽ സ്വയംപര്യാപ്തയില് എത്തികൊണ്ടിരിക്കുന്നു. അതിവേഗം നടന്നുകൊണ്ടിരിക്കുന്ന നഗരവൽക്കരണത്തിൻറെ ഭാഗമായി നമ്മുടെ ബ്ലോക്ക് പ്രദേശത്ത് ഈ മേഖലയിൽ വേണ്ട പുരോഗതി ഉണ്ടാവുന്നില്ല. ആയതിൻറെ പ്രധാനകാരണം പശുക്കളെ വളർത്തുന്നതിനുള്ള സ്ഥല പരിമിതി, യുവജനങ്ങൾക്ക് ഈ മേഖലയിലുള്ള വിമുഖത, തീരപ്രദേശത്ത് തീറ്റപ്പുൽകൃഷി നടപ്പിലാക്കാനുള്ള പ്രയാസം തീറ്റവസ്തുക്കളുടെ വിലവർധന എന്നിവയാണ്. എന്നാൽ ഈ വെല്ലുവിളികളെ അതിജീവിച്ചു ഓരോ ക്ഷീരകർഷകരും സ്ഥിരതയോടെ നിൽക്കുകയും ജനങ്ങൾക്ക് ശുദ്ധമായ പാല് നൽകുകയും ചെയ്യുന്നു. പള്ളുരുത്തി ബ്ലോക്ക് പരിധിയിൽ പാലുല്പാദന വർധനവ് ആണ് രേഖപ്പെടുത്തിയട്ടുള്ളത്. ഈ മേഖലയിൽ ത്രിതലപഞ്ചായത്തും വകുപ്പും നടത്തിവരുന്ന സേവനങ്ങള് മുഖേനയാണ് ഈ വർധനവ് സാധിച്ചത്. പക്ഷെ സ്വയം പര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കുക കൂടുതൽപ്രയത്നം ആവശ്യമാണ്. അതിൽ ഏറ്റവും പ്രധാനംപൂതിയ തലമുറകളെ ഈ മേഖലയിലേക്ക് ആകർഷിക്കുക എന്നതാണ്.ക്ഷീരവികസനവകുപ്പ് ക്ഷീരസംഘംങ്ങൾ മുഖേനേ നടപ്പിലാക്കുന്ന കാലിത്തീറ്റസബ്സിഡി, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, കന്നുകുട്ടി പരിപാലനം, പശുക്കളെ വിതരണം ചെയ്യൽ, മിനറൽമിക്സ്ചർ വിതരണം, പുതിയ ഫാം നിർമ്മാണം എന്നിവ ഈ മേഖലയ്ക്ക് ഗുണപ്രദമായ പദ്ധതികളാണ്. വ്യവസായ വകുപ്പ്, എം.എൻ ആർ.ഈ.ജി.എസ് എന്നി വകുപ്പുകൾ വഴി ഡയ്റി പ്ലാൻറ്, ഉൽപ്പന്നനിർമ്മാണ യൂണിറ്റ് പശു തൊഴുത്ത്, അസോള ടാങ്ക്, ചാണകകുഴി നിർമിക്കല് എന്നിവ നൽകുന്ന പദ്ധതികളും ഈ മേഖലയ്ക്ക് ഗുണപ്രദമാകും.

4. പ്രാദേശിക സാമ്പത്തിക വികസനം (ചെറുകിട വ്യവസായങ്ങൾ, സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പെടെ)

മുൻകാലങ്ങളിൽ കാർഷികവൃത്തിയും മൃഗസംരക്ഷണവും ഇതുമൂലം പാലുൽപ്പാദനവും നടത്തിയിരുന്ന നമ്മുടെ ഗ്രാമീണമേഖല ഇന്ന് നഗരവൽക്കരണത്താൽ ഇവയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥലസൗകര്യം ഇല്ലാതെ വരുന്നു. ആയതുമൂലം ഈ മേഖലയിൽ ജോലി ചെയ്തിരുന്ന പലരും മറ്റു മേഖലകൾ തേടിപോയിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിലാണ് പ്രാദേശിക സാമ്പത്തിക വികസനം എന്ന വർക്കിംഗ്

ഗ്രൂപ്പിന്റെ നേതൃത്വത്തിൽ വനിതകൾക്ക്സ്വയംതൊഴിൽ (ഗ്രൂപ്പ്സംരംഭങ്ങൾ), എസ്.സി വനിതകൾക്ക്സ്വയംതൊഴിൽ (ഗ്രൂപ്പ്സംരംഭങ്ങൾ) എന്നീ പദ്ധതികൾ നടപ്പിലാക്കി വിജയിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. 2024-25 വാർഷിക പദ്ധതിയിൽ വനിത സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 1687500/- രൂപ നീക്കി വച്ച്പദ്ധതി നടപ്പിലാക്കി വരുന്നു.

5. ദാരിദ്ര്യ ലഘൂകരണം

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലൂടെ ഒട്ടേറെ ദാരിദ്ര്യ നിർമ്മാർജ്ജന/ദാരിദ്ര്യ ലഘൂകരണ പദ്ധതികൾ വിജയകരമായി നടപ്പിലാക്കി വരുന്നു. കേരളം ഇന്ന് കാണുന്ന സാമൂഹ്യപുരോഗതി നേടിയെടുത്തത് ഇത്തരം ദാരിദ്ര്യലഘൂകരണ പ്രവർത്തനങ്ങളിലൂടെയാണ്. ഇതിന്റെ ഭാഗമായി നിരവധി പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന ഏറ്റെടുത്ത് നടത്തുന്നു. ബ്ലോക്ക് പഞ്ചായത്തുകൾ എന്നും ഗ്രാമീണ ജനങ്ങളുടെ വലിയ ഒരു ആശ്വാസമായി നിലകൊള്ളുകയും ഇന്ന് രാഷ്ട്ര നിർമ്മാണത്തിന് വലിയ സംഭാവന നൽകുകയും ചെയ്യുന്നു. ഇതിൽ ലൈഫ്, പി.എം.എ.വൈ(ജി) ഭവന നിർമ്മാണം (ജനറൽ), ലൈഫ്, പി.എം.എ.വൈ(ജി) ഭവന നിർമ്മാണം (SCP), വിവിധ സ്വയം തൊഴിൽ പദ്ധതികൾ തുടങ്ങിയവ വളരെ ഭംഗിയായും ഫലപ്രദമായും നിർവ്വഹിക്കുന്നതിന് സാധിച്ചിട്ടുള്ളതാണ്. തുടർന്നും ഇത്തരം പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടത് ബ്ലോക്ക് പഞ്ചായത്തുകളുടെ ഉത്തരവാദിത്വങ്ങളിൽ പ്രഥമസ്ഥാനത്തുള്ളതാണ്.

6. സാമൂഹ്യ നീതി

സമൂഹത്തിലെ പിന്നോക്കവിഭാഗങ്ങളുടെയും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെയും ക്ഷേമം, സാമൂഹിക നീതി, ശാക്തീകരണം എന്നിവയുടെ ഉത്തരവാദിത്തമാണ് സാമൂഹ്യനിതി വർക്കിംഗ് ഗ്രൂപ്പിന് കീഴിൽ വരുന്നത്. മറ്റ് ജനവിഭാഗങ്ങളെ അപേക്ഷിച്ച് നിത്യജീവിതത്തിൽ വ്യത്യസ്തമായ വെല്ലുവിളികളെ നേരിടുന്നവരാണ് ഭിന്നശേഷിയുള്ളവർ. സമൂഹത്തിന്റെ മുഖ്യധാരപ്രവർത്തനങ്ങളിൽ വ്യാപരിക്കുന്നതിനായി പ്രത്യേക പരിഗണനയോടുകൂടിയുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടത് സമൂഹത്തിന്റെ കടമയാണ്. കൂടാതെ കേരളത്തിന്റെ ജനസംഖ്യയുടെ 20 ശതമാനമായി വർദ്ധിക്കുമെന്ന് കണക്കാക്കപ്പെടുന്ന വയോജനങ്ങളുടെ പരിപാലനത്തിലും കൂടുതൽ ഊന്നൽ നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായാണ് പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കികൊണ്ടിരിക്കുന്നത്. ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ്-ബ്ലോക്ക് വിഹിതം

നൽകൽ എന്ന പദ്ധതി. ബഡ്സ് റീഹാബിലിറ്റേഷൻ ആൻഡ് ഫെസിലിറ്റേഷൻ സെന്റർ എന്ന പദ്ധതി നടപ്പിലാക്കിയതിലൂടെ 3 പഞ്ചായത്തുകളിലെയും ബീഹേവിയർ തെറാപ്പി ആവശ്യമായ കുട്ടികൾക്ക് സൗജന്യമായി തെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കുവാൻ സാധിക്കുന്നു.

7. വനിത ശിശു വികസനം, സാമൂഹ്യക്ഷേമം

സ്ത്രീകളുടെയും കുട്ടികളുടെയും വികസനം എന്ന ലക്ഷ്യം കൈവരിക്കുന്നതി നായുള്ള പദ്ധതികളാണ് ഈ വർക്കിംഗ് ഗ്രൂപ്പ് ലക്ഷ്യം വയ്ക്കുന്നത്. സ്ത്രീ സൗഹൃദ അടിസ്ഥാനസൗകര്യങ്ങൾ ഉൾപ്പെടെ സ്ത്രീകളുടെ ആവശ്യങ്ങൾ പരിഗണിച്ച് ആസൂ ത്രണ/ബഡ്ജറ്റിംഗ് പ്രക്രിയകളിൽ ജൻഡർ സമന്വയിപ്പിച്ച് കൊണ്ട് സ്ത്രീ ശാക്തീക രണം ഉറപ്പുവരുത്തുകയാണ് ഇതിലൂടെ ചെയ്യുന്നത്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതികൾ വ്യവസായ വികസന ഓഫീസർ നടപ്പി ലാക്കി വരുന്നുണ്ട്.

പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള കുമ്പളങ്ങി, ചെല്ലാനം, കുമ്പളം എന്നീ പഞ്ചായത്തുകളിലായി 93 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഈ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യവികസവും സ്ഥലമുള്ള അങ്കണവാടികൾക്കു സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങളും സംയുക്ത പദ്ധതികളി ലൂടെ നടപ്പിലാക്കേണ്ടതുണ്ട്. അങ്കണവാടി ഗുണഭോക്താക്കൾക്കുള്ള അനുപൂരക പോഷകാഹാരം–ബ്ലോക്ക് വിഹിതം അങ്കണവാടികൾ സ്മാർട്ട് ആക്കുക എന്നതിലൂടെ ശിശുസൗഹൃദവും അങ്കണവാടികൾക്കു ബുക്ക്ഷെൽഫ്, പുസ്തകങ്ങൾ നൽകുക എന്നിവയിലൂടെ വർണക്കൂട്ട് ക്ലബ്ലുകൾ ശാക്തീകരിക്കുക എന്നീ ലക്ഷ്യങ്ങൾ ബ്ലോക്ക് പഞ്ചായത്ത് പദ്ധതികളിലൂടെ കൈവരിക്കുവാൻ സാധിക്കുന്നു. വനിതാ ശിശുവികസന വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികളായ സൈക്കോസോഷ്യൽ കൗൺസിലർമാ രുടെ സേവനം ന്യൂട്രീഷനിസ്റ്റിന്റെ സേവനം, പേരന്റ് ക്ലിനിക്, ഔട്ട് റീച്ച് ക്ലിനിക് എന്നിവ കുട്ടികളിലുള്ള പലതരത്തിലുള്ള പ്രശ്നങ്ങൾ കണ്ടുപിടുക്കുന്നതിനും പരിഹരിക്കുന്ന തിനും സഹായിക്കുന്നു. ജാഗ്രതസമിതികളുടെ ശാക്തീകരണം, ലിംഗപദവി പഠനം എന്നിവ ജെൻഡറും വികസനവും എന്ന സുസ്ഥിര വികസനലക്ഷ്യം കൈവരിക്കുന്ന തിന് സഹായകമായ പദ്ധതികളാണ്.

8. പട്ടികജാതി വിഭാഗം

പട്ടികജാതി വികസന ഓഫീസർ മുഖേന 2024-25 സാമ്പത്തിക വർഷം ആകെ 10 പ്രോജക്ടുകളാണ് നടപ്പിലാക്കുന്നത്. ഇതിൽ 4 എണ്ണം സ്പിൽ ഓവർ പദ്ധതിയും 6 എണ്ണം പുതിയ പദ്ധതിയുമാണ്. ഈ പദ്ധതികളിൽ 4 എണ്ണം പൂർത്തിയായിട്ടുള്ളതും ബാക്കിയു ള്ളവ നടപ്പിലാക്കി വരികയും ചെയ്യുന്നു. പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം 2024-25, പഠനമുറി പൂർത്തീകരണം, പട്ടികജാതി യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ വിതരണം എന്നീ പദ്ധതികളാണ് നടപ്പിലാക്കുന്നത്.

പള്ളുരുത്തി ബ്ലോക്കിന്റെ പരിധിയിൽ താമസിക്കുന്ന പട്ടികജാതി വിഭാഗക്കാരായ ജനങ്ങൾ അനുഭവിക്കുന്ന പ്രധാന പ്രശ്നം വീടുകളിൽ ഉണ്ടാവുന്ന വെള്ളക്കെട്ടാണ്. താമസ സ്ഥലം മണ്ണിട്ട് ഉയർത്തുന്ന പദ്ധതി പട്ടികജാതി വികസന വകുപ്പിൽ നിലവിലില്ലാത്തതിനാൽ ടി പ്രശ്നത്തിന് പരിഹാരം കാണാൻ നിർവ്വാഹമില്ലാത്ത അവസ്ഥയാണുള്ളത്. ടി പ്രദേശങ്ങളിൽ ഒട്ടുമിക്കവയും CRZ സോണിൽ ആയതിനാൽ പഠനമുറി പോലുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ പെർമിറ്റ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവയുടെ കാര്യത്തിൽ വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്.

9. ആരോഗ്യം

പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ മൂന്ന് ഗ്രാമപഞ്ചായത്തുകളിലായി നാല് പ്രധാനആരോഗ്യകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. 1. കുമ്പളങ്ങി സാമൂഹിക ആരോഗ്യകേന്ദ്രം 2. ചെല്ലാനം കുടുംബാരോഗ്യകേന്ദ്രം, കണ്ടക്കടവ് പ്രാഥമികാരോഗ്യകേന്ദ്രം, പനങ്ങാട് പ്രാഥമികാരോഗ്യകേന്ദ്രം എന്നിവ. ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള സ്ഥാപനമാണ് സി.എച്ച്.സി, കുമ്പളങ്ങി. ജീവനക്കാർ കുറവായതിനാൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ഡോക്ടർ, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ തുടങ്ങിയവരുടെ സേവനവും ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയിട്ടുണ്ട്.

ചികിത്സയോടൊപ്പം പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ, അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യസംരക്ഷണം, ജീവിതശൈലീരോഗ നിയന്ത്രണം, സാന്ത്വനപരിചരണം, പൊതുജനാരോഗ്യപരിപാടികൾ, ദേശീയ ആരോഗ്യ പരിപാടികളുടെ നടത്തിപ്പ് എന്നിവ ബ്ലോക്ക് – ഗ്രാമപഞ്ചായത്തുകളുടെ സഹകരണ ത്തോടെ എല്ലാ ആരോഗ്യകേന്ദ്രങ്ങളിലും നടന്നു വരുന്നു

സാന്ത്വന പരിചരണം (സെക്കന്ററി പാലിയേറ്റീവ്)

ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ എല്ലാ ഗ്രാമപഞ്ചായത്തുകളും അവരുടെ കീഴിലുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ സാന്ത്വന പരിചരണ പരിപാടി നടത്തുന്നുണ്ട്. ഇതോടൊപ്പം തന്നെ വിദഗ്ദ്ധ പരിചരണം ആവശ്യമുള്ളവർക്ക് പ്രത്യേകമായി ബ്ലോക്ക് പഞ്ചായത്ത് പദ്ധതി വിഹിതം ഉപയോഗിച്ചുകൊണ്ട് സെക്കന്ററി പാലിയേറ്റീവ് പരിചരണം നടത്തിവരുന്നു. 3 പഞ്ചായത്തുകളിലായി 140 കിടപ്പുരോഗികൾക്ക് തുടർ പരിചരണം നൽകിവരുന്നു. എല്ലാ വെള്ളിയാഴ്ച്ചയും കുമ്പളങ്ങി സി.എച്ച്.സിയിൽ സെക്കന്ററി പാലിയേറ്റീവിനും ഫിസിയോതെറാപ്പിക്കും വേണ്ടി പ്രത്യേകം ഒ.പി വിഭാഗവും പ്രവർത്തിക്കുന്നു.

ജില്ലാ സമഗ്ര ക്യാൻസർ നിയന്ത്രണ പരിപാടി

ഈ പദ്ധതിയുടെ ഭാഗമായി സി.എച്ച്.സി കുമ്പളങ്ങിയുടെ കീഴിൽ വരുന്ന വാർഡുകളിൽ ക്യാൻസർ സാധ്യതയുള്ള ആളുകളെ കണ്ടെത്തി അവരെ സ്ക്രീൻ ചെയ്ത് നൽകുകയും, റഫർ ചെയ്യേണ്ടവരെ കണ്ടെത്തുവാനും ഇതുവഴി രോഗം മുൻകൂട്ടി കണ്ടുപിടിക്കുവാനും കഴിയുന്നു.

ഡോക്ടർ, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ നിയമനം

ഓരോ ദിവസവും ഡോക്ടറെ കാണുവാൻ വരുന്ന രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, 24 മണിക്കൂർ സേവനം നൽകുന്ന ആശുപത്രി ആയ തിനാലും, വേണ്ട ജീവനക്കാർ കുറവായതിനാലും ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ട് വിനി യോഗിച്ച് ഡോക്ടർ, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നിവരെ ബ്ലോക്ക് പഞ്ചായത്ത് നിയമിച്ചു നൽകുന്നു. ഒരു ദിവസം 300 മുതൽ 350 ഒ.പി യും, 75–80 വരെ ലാബ് ടെസ്റ്റ് എന്നിവ നടത്തുന്നതിനും, ഇൻജക്ഷൻ, മൈനർ പ്രസീജർ എന്നിവയ്ക്കും ആവശ്യമായ ജീവനക്കാരെയാണ് ബ്ലോക്ക് പഞ്ചായത്ത് നിയമിച്ചിരിക്കുന്നത്.

സി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ

സി.എച്ച്.സിയിലേക്ക് ഓരോ ദിവസവും എത്തുന്ന രോഗികളുടെ എണ്ണം വർഷം തോറും കൂടി വരുന്നു. ആശുപത്രിയിലേക്ക് ആവശ്യമായ മരുന്നുകൾ ബ്ലോക്ക് പഞ്ചാ യത്ത് ഫണ്ട് ഉപയോഗിച്ച് ലഭ്യമാക്കുന്നു. ഇത് രോഗികൾക്ക് വളരെ സഹായകരമാണ്.'

ഫിസിയോതെറാപ്പി റീഹാബിലിറ്റേഷൻ സെന്റർ

2020 മുതൽ ഫിസിയോതെറാപ്പി റീഹാബിലിറ്റേഷൻ സെന്റർ കുമ്പളങ്ങി സി.എച്ച്. സിയിൽ പ്രവർത്തിച്ചു വരുന്നു. ഞരമ്പ്, പേശി, സന്ധി സംബന്ധമായ ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവർക്ക് വളരെയധികം ആശ്വാസം ലഭിക്കുന്നു. തോൾവേദന, മുട്ടുകാൽ വേദന, പ്ലാസ്റ്റിക് സർജ്ജറി ചെയ്തവർ, പക്ഷാഘാതം വന്നവർ തുടങ്ങിയ വിവിധങ്ങളായ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർ ഇവിടുത്തെ സേവനം പ്രയോജനപ്പെടുത്തുന്നു.

10. കുടിവെള്ളം, ശുചിത്വം

ഗുണനിലവാരമുള്ള കുടിവെള്ളം ലഭിക്കാത്ത അവസ്ഥ ഇന്ന് സമൂഹം നേരിടുന്ന പ്രധാന പ്രശ്നമാണ്. ജലസംരക്ഷണത്തിനായി മലിനജല സംസ്കരണ ഉപാധി കണ്ടെത്തി നടപ്പാക്കേണ്ടതാണ്. തീരപ്രദേശങ്ങൾ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശമായതിനാ പുതിയ കുടിവെള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. കടൽ ക്ഷോഭം നിരന്തരമായി ഉണ്ടാകുന്നത് ചെല്ലാനം പ്രദേശത്തെ ടോയ്ലറ്റുകൾക്ക് നാശം സംഭവിക്കുന്നതിന് കാരണമായതിനാ ടി ടോയ്ലറ്റുകൾ പുനർനിർമ്മിക്കുന്നതിന് ശുചിത്വമിഷന്റെ ഫണ്ട് ഉപയോഗിച്ച് പദ്ധതി ആവിഷ്കരിക്കുന്നു. കൂടാതെ പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നു. തീര ദേശ മേഖലയിൽ ഓരുവെള്ളത്തിന്റെ കടന്നുകയറ്റം, ശുദ്ധജല ലഭ്യതയെ ദോഷകര മായി ബാധിക്കുന്നത് തടയുന്നതിന് സ്ലൂയിസ്സുകൾ നിർമ്മിക്കുന്നതിനും പദ്ധതികൾ ഏറ്റെ ടുത്തിട്ടുണ്ട്. കുടിവെള്ളം എത്താത്ത മേഖലകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്ന തിന് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, വാട്ടർ പ്യൂരിഫൈയർ തുടങ്ങിയ പദ്ധതികൾക്കായി 46,94,602/– രൂപയും വകയിരുത്തിയിട്ടുണ്ട്.

11. വിദ്യാഭ്യാസം, കല സംസ്ക്കാരം

പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള കുമ്പളം, കുമ്പളങ്ങി, ചെല്ലാനം പഞ്ചായത്തുകളിലെ കലാ പ്രവർത്തനങ്ങളിൽ താൽപര്യമുള്ളവർക്കായി വജ്ര ജൂബിലി ഫെലോഷിപ്പ് കലാകാരൻമാരുടെ നേതൃത്വത്തിൽ കലാപരിശീലനം നടത്തിവരുന്നു. പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് കേരളോത്സവം പദ്ധതി നല്ല രീതിയിൽ നടപ്പിലാക്കി വരുന്നു. വിദ്യഭ്യാസ മേഖലയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠ നനിലവാരം മെച്ചപ്പെടുത്തുന്നതിന് മെറിറ്റോറിയൽ സ്കോളർഷിപ്പ്, പഠനമുറി എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള മൂന്നു പഞ്ചാ യത്തിലേയും ലൈബ്രറികൾക്ക് പുസ്തകങ്ങൾ വാങ്ങി നൽകി. വരും വർഷങ്ങളിൽ ലൈബ്രറികൾക്ക് ഫർണിച്ചർ വാങ്ങി നൽകൽ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട കലാകാ രൻമാർക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകൽ, രജിസ്റ്റേർഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നൽകൽ എന്നീ പദ്ധതികളും നടപ്പിലാക്കുന്നതിനായുള്ള മുന്നൊരുക്ക ത്തിലാണ്. സാക്ഷരതാ മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി ഈ വർഷം പത്താംതരം തുല്യതാ പരീക്ഷയ്ക്കായി 104 പഠിതാക്കൾ രജിസ്റ്റർ ചെയ്യുകയും പരീക്ഷ പാസാവു കയും ചെയ്തു. 36 പഠിതാക്കൾ പ്ലസ് ടു തുല്യതാ പരീക്ഷയ്ക്കായി ഒരുങ്ങിക്കൊണ്ടിരി ക്കുന്നു. 28 പേർ പ്ലസ് വൺ തുല്യതാപരീക്ഷയക്ക് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തുടർ വർഷ ങ്ങളിലും പഠനം പാതിവഴിയിൽ നിലച്ചുപോയ പഠിക്കാൻ താൽപര്യമുള്ളവരെ പ്രോത്സാ ഹിപ്പിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്.

12. പൊതുമരാമത്ത്

പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ ഉൾപെട്ട പഞ്ചായത്തുകളിൽ നിലവിലുള്ള ഏറ്റവും വലിയ പ്രശ്നം വേലിയേറ്റമാണ്. കൂടാതെ ഗ്രണനിലവാരമുള്ള കുടിവെള്ളം ലഭ്യമാകതത്തും മലിനജലവും ശുദ്ധജലവും കൂടികലരുന്നതും കുടിവെള്ളപ്രശ്നം രൂക്ഷമാകുന്നതിന കാരണമാകുന്നു. ജല അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് സ്ഥാപികുന്നതിന ബ്ലോക്ക് പഞ്ചായത്ത് പദ്ധതിതുക വകയിരുത്തി കൂടുതല് ജനങ്ങളിലേക്ക് ശുദ്ധ ജലം എത്തികുന്നതിനുള്ള പദ്ധതി അവിഷ്കരിചിടുണ്ട്. എന്നാൽ ഇത് സ്ഥാപിക്കുന്നതിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരികേണ്ടതുണ്ട്. കൂടാതെ മലിനജലം പുനസംക്രമണത്തിനും പുനരുപയോഗതിനും ഉള്ള പദ്ധതികൾ കൂടി ഉൾപെടുത്തേണ്ടത് അനിവാര്യമാണ്.

കുമ്പളങ്ങി ചെല്ലാനം കുമ്പളം എന്നീ പഞ്ചായത്തുകള് വെള്ളത്താൽ ചുറ്റപെട്ടതും കൂടുതല് റോഡുകളും വീതി കുറഞ്ഞതുമാണ്. ബ്ലോക്ക് തലത്തില് 6 മീറ്ററിൽ കുറവ് വീതിയുള്ള റോഡുകൾക്ക് പദ്ധതി ഉൾപെടുത്താൻ സാധികാത്തത് കൊണ്ട് വളരെ ചുരുങ്ങിയ റോഡുകൾക് മാത്രമേ ബ്ലോക്ക് പഞ്ചായത്തിന് പദ്ധതി ഏറ്റെടുക്കാൻ സാധിക്കുന്നുള്ളു എന്നത് ഒരു പോരായ്മയാണ്. എങ്കിൽ കൂടിയും ഗ്രാമപഞ്ചായത്തുമായി സംയുക്തമായി റോഡ് നടപാത വികസനത്തിന് പദ്ധതികള് ഏറ്റെടുത്തിട്ടുണ്ട്. ഇതിന ഉപരിയായി ഗ്രാമപഞ്ചായത്തുകളിൽ പൊതു സ്ഥലങ്ങൾ വികസിപ്പിച്ചു കുട്ടികൾക്കും മുതിർന്നവർക്കും പാർക്കുകളും ഓപ്പണ് ജിം മുതലായവയും നിർമിക്കുന്നതിന പദ്ധതികള് ഏറ്റെടുകേണ്ടത് ഈ കാലഘട്ടത്തിന അനിവാര്യമാണ്. കൂടാതെ ബ്ലോക്ക് തലത്തിൽ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നത് കൂടുതല് ഫലപ്രാപ്തിയുള്ള ഗതാഗത പദ്ധതികള് തയ്യാറാക്കാൻ സഹായകമാകും.

13. മത്സ്യബന്ധനം

നിലവിലെ മത്സ്യബന്ധന മേഖലയിലെ അവസ്ഥ അവലോകനം ചെയ്യുമ്പോൾ ഉൾനാടൻ മത്സ്യബന്ധന മേഖല, സമുദ്ര മത്സ്യബന്ധന മേഖല എന്നിങ്ങനെ രണ്ടായി തരം തിരിക്കേണ്ടതുണ്ട്.

ഉൾനാടൻ മത്സ്യബന്ധന മേഖല

കുമ്പളം, കുമ്പളങ്ങി, ചെല്ലാനം മേഖലയിലുള്ള മത്സ്യതൊഴിലാളികൾ ഉൾനാടൻ മത്സ്യബന്ധന മേഖലയെ ആശ്രയിച്ചാണ് കഴിഞ്ഞുവരുന്നത്. ചെല്ലാനത്ത് 1895 തൊഴിലാളികളും കുമ്പളത്ത് 1320 തൊഴിലാളികളും കുമ്പളങ്ങിയിൽ 1525 തൊഴിലാളികളും ഈ മേഖലയിൽ ജോലി ചെയ്യുന്നു. ഉൾനാടൻ മത്സ്യബന്ധന മേഖലയെ സമ്പുഷ്ടമാക്കിയിരുന്നത്–പരിസ്ഥിതിയുടെയും പ്രകൃതിയുടെയും സ്വാഭാവിക പ്രക്രിയകളെ ആശ്രയിച്ചു കൊണ്ട് മത്സ്യങ്ങളുടെ പ്രത്യൽപാദന പ്രക്രിയയ്ക്ക് സഹായകരമായ രീതിയിൽ സമയ ബന്ധിതമായി നടത്തിവരുന്ന നെൽകൃഷിയും പരസ്പരം സമുന്നയിപ്പിക്കുന്ന ഒരു സംസ്കാരമാണ് ഉണ്ടായിരുന്നത്. ഈ മേഖലയിൽ കടന്നുവന്ന പുത്തൻ സാങ്കേതിക വിദ്യകൾ മത്സ്യത്തിന്റെയും അവയുടെ പ്രജനനത്തിന്റെയും സ്വാഭാവിക പ്രക്രിയകൾക്ക് തടസ്സം സൃഷ്ടിക്കുകയും, തന്മൂലം തീരദേശ മേഖലയിൽ മത്സ്യ ലഭ്യത കുറയുകയും ഒപ്പം കാർഷിക വൃത്തി അപ്രത്യക്ഷമാകുകയും ചെയ്യുന്ന അവസ്ഥയാണ് നിലവിലുള്ളത്.

സമുദ്രമത്സ്യബന്ധനമേഖല

സമുദ്ര മത്സ്യബന്ധന മേഖലയുടെ സ്വാഭാവിക പ്രത്യാൽപാദന പ്രക്രിയയ്ക്ക് തടസ്സം സൃഷ്ടിക്കുന്ന ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള വൻകിട ബോട്ടുകളുടെ അശാസ്ത്രീയമായ മത്സ്യബന്ധനവും, കടലിൽ തള്ളപ്പെടുന്ന പ്ലാസ്റ്റിക് ഉൾപ്പെടയെുള്ള മാലിന്യനിക്ഷേപവും മത്സ്യങ്ങളുടെ വളർച്ചയ്ക്കും നിലനിൽപ്പിനും ഭീഷണിയാണ്. തന്മൂലം തീരദേശത്ത് മത്സ്യലഭ്യത കുറയുന്നതായി കാണുന്നു.

നിലവിലെ പദ്ധതികൾ

1) **ഉൾനാടൻ മത്സ്യബന്ധന മേഖലയിൽ വളളവും വലയും**

കുമ്പളം, കുമ്പളങ്ങി, ചെല്ലാനം മേഖലകളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു. മത്സ്യതൊഴിലാളികൾക്ക് വളരെയധികം ഗുണം ചെയ്യുന്ന ഒരു പദ്ധതിയായിട്ടാണ് ഈ പദ്ധതിയെ കാണാൻകഴിഞ്ഞിട്ടുള്ളത്. ആയതിനാൽ ഈ മേഖലയിലുള്ള ആളുകളുടെ കൊഴിഞ്ഞുപോകൽ തടയുന്നതിനും സ്ഥിരവരുമാനം ഉണ്ടാകുന്നതിനും ഇടയാകുന്നു.

2) <u>സമുദ്രമേഖലയിൽ വഞ്ചി</u>

സമുദ്രമേഖലയിൽ വഞ്ചി എന്ന പദ്ധതി ചെല്ലാനം മേഖലയിലാണ് നടപ്പിലാക്കിയിട്ടുള്ളത്. മത്സ്യതൊഴിലാളികളുടെ വരുമാന വർദ്ധനവിന് വളരെയധികം ഗുണം ചെയ്യുന്ന ഒരു പദ്ധതിയായിട്ടാണ് ഈ പദ്ധതിയെ കാണാൻകഴിഞ്ഞിട്ടുള്ളത്. മേൽപ്പറഞ്ഞ പ്രശ്നങ്ങൾ ഒരു പരിധി വരെ പരിഹരിക്കുന്നതിന് ഈ പദ്ധതികൊണ്ട് കഴിഞ്ഞിട്ടുണ്ട്.

<u>2024–25 പദ്ധതികൾ</u>

2023–24 വർഷത്തിൽ മത്സ്യ ബന്ധനമേഖലയിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ തന്നെ തുടരണമെന്നാണ് വർക്കിംഗ് ഗ്രൂപ്പിലും ഗ്രാമസഭയിലും ഉണ്ടായ അഭിപ്രായങ്ങൾ. ആയതിനാൽ ഈ പദ്ധതികൾ തന്നെ വരുംവർഷങ്ങളിൽ നടത്തുവാനായിട്ടാണ് തീരുമാനിച്ചിട്ടുള്ളത്. ഒരു പുതിയ പദ്ധതി കൂടി നടപ്പിലാക്കണം എന്ന വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മൊബൈൽ ഫിഷ് വെൻഡിംഗ് കിയോസ്കുകൾ മൂന്ന് പഞ്ചായത്തുകളിലും പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനും, ഒരു തൊഴിൽ മേഖല എന്നതിലുപരി പരിസര മലിനീകരണം തടയുന്നതിനും ഇതിലൂടെ കഴിയും എന്നുള്ളതുകൊണ്ടും ഈ പദ്ധതി ഏറ്റെടുക്കുവാൻ തീരുമാനിച്ചു.

14. ജൈവ വൈവിധ്യ സംരക്ഷണം,കാലാവസ്ഥ വ്യതിയാനം, ദുരന്ത നിവാരണം, പരിസ്ഥിതി സംരക്ഷണം

2018 ലെ മഹാപ്രളയത്തിന്റെ പശ്ചാത്തലത്തിൽ പുതുതായി രൂപീകരിച്ച ജൈവ വൈവിധ്യ സംരക്ഷണം, കാലാവസ്ഥ വ്യതിയാനം, ദുരന്ത നിവാരണം,പരിസ്ഥിതി സംരക്ഷണം എന്ന പ്രവർത്തന ഗ്രൂപ്പിന് പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്ന കടൽ തീരവും കായലും തോടുകളും നിറഞ്ഞ ഗ്രാമ പഞ്ചായത്തുകളിൽ സുപ്രധാനമായ ഒരു പങ്കു വഹിക്കുന്നതിന സാധിക്കും.

കടലാക്രമണവും അതിന്റെ പ്രത്യാഘാതങ്ങളുമാണ് ചെല്ലാനം ഗ്രാമ പഞ്ചായത്തിനെ ബാധിക്കുന്ന വിഷയങ്ങൾ. കുമ്പളം, ചെല്ലാനം, കുമ്പളങ്ങി ഗ്രാമ പഞ്ചായത്തുകളിലെ തോടുകളും കായലുകളും മാലിന്യം നിറഞ്ഞ് ജലനിർഗ്ഗമന ത്തിന് തടസം നേരിട്ടതുമാണ് വേലിയേറ്റ വേലിയിറക്കങ്ങൾ ഈ പ്രദേശങ്ങളെ കാര്യമായി ബാധിക്കാൻ കാരണമായത് .തോടുകൾ പുനരുദ്ധരിക്കേണ്ടതും കണ്ടൽ ചെടിയുടെ സംരക്ഷണം ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്. സെപ്റ്റിക് ടാങ്ക് മാലിന്യം സംസ്കരിക്കുന്നതിന് പ്ലാന്റ് സ്ഥാപിക്കുന്നത് ഭാവിയിൽ കൂടുതൽ ഗൗരവപൂർവ്വം ഏറ്റെടുക്കേണ്ട പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടതാണ്.

തീരദേശ മേഖലയായ 3 പഞ്ചായത്തുകളിലലെയും താഴ്ന്ന പ്രദേശങ്ങളിൽ സംരക്ഷണഭിത്തി കെട്ടുന്നതും കണ്ടൽകാടുകൾ വച്ചുപിടിപ്പിക്കുന്നതും

പ്രയോജനകരമാണ്. ചീനവലകൾക്ക് കേടുപാടുകൾ വരാത്തവിധത്തിൽ കായൽപരപ്പിലെ എക്കൽ നീക്കം ചെയ്യുന്നതിന് പദ്ധതികൾ എടുക്കാവുന്നതാണ്.

ജലാശയങ്ങളാൽ സമൃദ്ധമായ ഈ പ്രദേശത്ത് അപകടസാദ്ധ്യത മുന്നിൽ കണ്ട് കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകേണ്ടതാണ്. അടിക്കടി ഉണ്ടാകുന്ന പ്രകൃതി ക്ഷോഭം നേരിടുന്നതിന് പരിശീലനം ലഭിച്ച ദുരന്ത നിവാരണ സേന രൂപീകരിക്കുക, താഴ്ന്ന പ്രദേശങ്ങളിൽ കരിങ്കല്ലുകെട്ടി സംരക്ഷിക്കേണ്ടതും തോടുകൾക്ക് ഔട്ടർ ബണ്ട് നിർമ്മിക്കേണ്ടതും അനിവാര്യമായ കാര്യങ്ങളാണ്. കൂടാതെ കാർഷിക മേഖലയെയും കാലാവസ്ഥ വ്യതിയാനം സാരമായി ബാധിക്കുന്നുണ്ട്. 3 പഞ്ചായത്തുകളിലും ദുരന്തനിവാരണ സേനയെ സജ്ജരാക്കി വേണ്ടുന്ന പരിശീലനം നൽകാവുന്നതാണ്. വർദ്ധിച്ചു വരുന്ന കാലാവസ്ഥ വ്യതിയാനം സമുദ്ര നിരപ്പ് ഉയർത്തുന്നത് നമ്മുടെ തീരപ്രദേശത്തെ സാരമായി ബാധിക്കുകയും ചെയ്യുന്നുണ്ട്. സമുദ്ര നിരപ്പ് ഉയർന്നാൽ ആയത് ഏറ്റവും കൂടുതൽ ബാധിക്കുന്നത് തീരപ്രദേശവാസികളെ യാകയാൽ ആഗോള താപനവും അതിന്റെ പ്രത്യാഘാതങ്ങളും തടയുന്നതിനുള്ള പരിശ്രമങ്ങൾക്ക് തുടക്കം കുറിക്കേണ്ടത് തീരപ്രദേശങ്ങൾ ഉൾക്കൊള്ളുന്ന ബ്ലോക്ക് പഞ്ചായത്ത് എന്ന നിലയിൽ നമ്മുടെ കടമയും ഉത്തരവാദിത്വവുമാണ്.

****

അദ്ധ്യായം – 4

വികസന, കാഴ്ച്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം, നയസമീപനം

വികസന, കാഴ്ച്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം, നയസമീപനം

ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് ഊന്നൽ നൽകുന്നതിനോടൊപ്പം ഉൽപ്പാദന സേവന പശ്ചാത്തല മേഖലയ്ക്ക് പ്രാധാന്യം നൽകി ഓരോ മേഖലയിലും വികസനം ഉറപ്പ് വരുത്തുക എന്ന കാഴ്ച്ചപ്പാടാണ് ബ്ലോക്ക് ഭരണസമിതിക്കുള്ളത്. ഭവന നിർമ്മാണ പദ്ധതിയുടെ പൂർത്തീകരണവും കാർഷിക മേഖലയിൽ മെച്ചപ്പെട്ട ഇടപെടൽ നടത്തുക എന്നും ബ്ലോക്ക് പഞ്ചായത്തിന്റെ ദീർഘദൂര കാഴ്ച്ചപ്പാടാണ്. പശ്ചാത്തല മേഖലയിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് 6 മീറ്റർ വീതിയുള്ള റോഡുകളെ ഏറ്റെടുക്കുവാൻ പാടുള്ളൂ എന്നുള്ളത് ബ്ലോക്കിന്റെ പശ്ചാത്തല വികസനത്തിന് വിഘാതമായി നിൽക്കുന്നു. മത്സ്യത്തൊഴിലാളികൾ, ചെറുകിട നാമമാത്രമായ കർഷകർ, കർഷക തൊഴിലാളികൾ, നിർമ്മാത്തൊഴിലാളികൾ എന്നിവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനും സാമ്പത്തിക വികസനത്തിനും സാധ്യമാകുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകുവാൻ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. കാർഷികമേഖലയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തി ഉല്പാദന വർദ്ധനവ് സാദ്ധ്യമാക്കുകയെന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ നയസമീപനമാണ്. കൂടാതെ സമൂഹത്തിന്റെ പൊതുവായ വികസന മേഖലകളിൽ മാറ്റി നിർത്തപ്പെട്ടിട്ടുള്ള എല്ലാ വിഭാഗം ജനങ്ങൾക്കും വികസനത്തിന്റെ സാധ്യതകൾ ലഭ്യമാക്കുകയെന്നതും ബ്ലോക്ക് പഞ്ചായത്ത് ലക്ഷ്യമിടുന്നു.

അദ്ധ്യായം – 5

വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും

വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും

2025–26 വാർഷിക പദ്ധതി ബഡ്ജറ്റ് വിഹിതം

2025-2026 മേഖല വിഭജനം

Sl.No		തുക
1	സാധാരണവിഹിതം(GL)	22391000
2	സാധാരണവിഹിതം (SC)	6990000
3	ആകെ	**37339000**
4	മെയിന്റനൻസ് ഫണ്ട്(NR)	10023000
6	പാർപ്പിടമേഖലക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക	5876200
7	പാർപ്പിടമേഖലക്ക് പൊതുവിഭാഗത്തിൽനിന്നും വകയിരുത്തേണ്ട കുറഞ്ഞ തുക	4478200
8	ജനറൽ ഉൽപ്പാദനമേഖലക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക	5373840
10	വനിതാ ഘടക പദ്ധതിക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക	2490280
11	കുട്ടികൾ ,ഭിന്നശേഷി,ഭിന്നലിംഗം എന്നിവക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക	1245140
12	വയോജനങ്ങൾക്ക് വേണ്ടി വകയിരുത്തേണ്ട കുറഞ്ഞ തുക	1245140
13	ജനറൽ സാധാരണവിഹിതം പശ്ചാത്തല വിഭാഗത്തിൽനിന്നും വകയിരുത്താവുന്ന കൂടിയ തുക	4478200
14	സാധാരണവിഹിതം(SC) വിഭാഗത്തിൽനിന്നും പശ്ചാത്തല മേഖലക്ക് വകയിരുത്താവുന്ന കൂടിയ തുക	2097000

മറ്റ് ഫണ്ടുകൾ

CFC Basic Grant	**3183000**
CFC Tied	**4775000**
Maintenance Grant	**10023000**

അദ്ധ്യായം – 6

പദ്ധതി നിർദ്ദേശങ്ങൾ

2025–26 വർക്കിംഗ് ഗ്രൂപ്പിൽ നിന്നുള്ള പദ്ധതി നിർദ്ദേശങ്ങൾ

1. കൃഷി (ഉൽപ്പന്ന സംഭരണവും സംസ്കരണവും വിപണനവും ഉൾപ്പെടെ), തൊഴിലുറപ്പു പദ്ധതി, മണ്ണ് ജല സംരക്ഷണം

1. കർഷക ഗ്രൂപ്പുകൾക്ക് യന്ത്രോപകരണങ്ങൾ നൽകുന്ന പദ്ധതി നടപ്പിലാക്കണമെന്ന് യോഗത്തിൽ അഭിപ്രായപ്പെട്ടു.
2. അപ്രൂവൽ കമ്മിറ്റി (കോ ഓർഡിനേഷൻ കമ്മിറ്റി) യുടെ അംഗീകാരം ലഭിക്കുന്ന മുറയക്ക് Shredder ഉപകരണം പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ചെയർമാൻ അഭിപ്രായപ്പെട്ടു.
3. എല്ലാ പഞ്ചായത്തുകളിലും രജിസ്റ്റേർഡ് കാർഷിക ഗ്രൂപ്പുകൾ ഒന്നുവീതം ഉൾപ്പെടുത്തണമെന്ന് കമ്മിറ്റി അംഗങ്ങൾ പറഞ്ഞു.
4. കര നെൽകൃഷിയെ പ്രോത്സാഹിപ്പിക്കുവാനുള്ള പദ്ധതികൾ ഉൾപ്പെടുത്തണം പാടശേഖരങ്ങളുടെ ബണ്ട് ഓരുവെള്ളം കയറാതെ ബലപ്പെടുത്തുവാൻ നടപടി ഉണ്ടാകണമെന്ന് അറിയിച്ചു.
5. എക്കൽ കോരി കരയിലിട്ട് വളത്തിനുപയോഗിക്കുവാൻ സംവിധാനം ഉണ്ടാക്കുക
6. കേരകൃഷി സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ വേണ്ടതാണ്.
7. ഗ്രൂപ്പ് പച്ചക്കറി ഇടവിളകൃഷിക്കുള്ള പദ്ധതികൾ ഉൾപ്പെടുത്തുക

2. കുടിവെള്ളം, ശുചിത്വം

1. ഡിവൈൻ റോഡ് വാർഡ് 10 കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് കുടിവെള്ള ലഭ്യത ഉറപ്പാക്കണം

2. പൊതു സ്ഥലങ്ങളിൽ കിടപ്പ് രോഗികളുടെ ഡയപ്പർ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സംവിധാനം സ്ഥാപിക്കൽ (ഇൻസിനറേറ്റർ)
3. വേലിയേറ്റ സമയത്ത് തോട്ടിൽ മണ്ണ് നിറഞ്ഞ് വീടുകളിൽ വെള്ളം കയറുന്നത് തടയുന്നതിന് സ്ലൂയിസ്

3. വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം

1. പട്ടികജാതിവിഭാഗത്തിൽപ്പെട്ട കലാകാരൻമാർക്ക് വാദ്യോപകരണങ്ങൾ നൽകുക
2. രജിസ്റ്റേർഡ് ക്ലബുകൾക്ക് സ്പോർട്സ്കിറ്റ് നൽകുക
3. ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ലൈബ്രറികൾക്ക് പുസ്തകങ്ങൾ, ഫർണിച്ചർ എന്നിവ വാങ്ങുക
4. വജ്രജൂബിലി ഫെലോഷിപ്പ് പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുക
5. കേരളോത്സവം പരിപാടികൾക്കായി കുറഞ്ഞത് 2 ലക്ഷം രൂപയെങ്കിലും വകയിരുത്തുക
6. നമ്മുടെ ബ്ലോക്ക്പഞ്ചായത്ത് പ്രദേശത്തെ നീന്തൽകുളം നിർമ്മാണ പ്രവർത്തനങ്ങൾ, പഞ്ചായത്തിന് തുക കൈമാറൽ എന്ന പദ്ധതികൾ നടപ്പിലാക്കുക.

4. ആരോഗ്യം

1. മെഡിക്കൽ ഓഫീസ് ചെലവുകൾ ഇനത്തിലേക്ക് തുക വകയിരുത്തണം
2. സെക്കണ്ടറി പാലിയേറ്റീവ് കെയർ ചെലവുകൾക്ക് തുക അനുവദിക്കണം
3. ബ്ലോക്ക് പഞ്ചായത്ത് മുഖേന നിയമിതരായിട്ടുള്ള ഡോക്ടേഴ്സ് പാരാമെഡിക്കൽ സ്റ്റാഫ് എന്നിവർക്ക് വേതനം
4. സി.എച്ച്.സി ക്ക് മരുന്നു വാങ്ങൽ തുക അനുവദിക്കണം
5. സി.എച്ച്.സി യിൽ ഓഫീസ്, മറ്റ് വിഭാഗങ്ങൾ എന്നിവയിലേക്ക് ആവശ്യമായ ഫർണിച്ചറുകൾ മറ്റ് മെഡിക്കൽ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് തുക വകയിരുത്തണം.
6. കൗമാരപെൺകുട്ടികൾക്ക് വിളർച്ച തടയുവാൻ അയൺ സപ്ലിമെന്റ്

7. കുമ്പളങ്ങി സി.എച്ച്.സിയിൽ ആവശ്യമായ പ്രതിരോധ മരുന്നുകൾ വാങ്ങുന്നതിനും ആയത് ഗുണഭോക്താക്കൾക്ക് ഇടയിൽ വിതരണം ചെയ്യുന്നതിനും തുക അനുവദിക്കണം
8. പാലിയേറ്റീവ് രോഗികൾക്ക് സൗജന്യ മരുന്നു വിതരണം, പാലിയേറ്റീവ് ഉപകരണങ്ങൾ വാങ്ങൽ
9. ഐസൊലേഷൻ വാർഡ് ആരംഭിക്കൽ
10. ഡെന്റൽ ഡിപ്പാർട്ട്മെന്റ് ആരംഭിക്കൽ
11. കിടത്തി ചികിത്സയ്ക്ക് കൂടുതൽ സൗകര്യം
12. സി.എച്ച്.സിയിൽ ഒഴിവുള്ള തസ്തികകളിലേക്ക് ജീവനക്കാരെ നിയോഗിക്കണം
13. സി.എസ്.ആർ ഫണ്ട് വഴി സി.എച്ച്.സിയിലേക്ക് ലഭിക്കുന്ന വാഹനത്തിന്റെ രജിസ്ട്രേഷൻ, ഇൻഷുറൻസ് മറ്റു ചെലവുകൾ എന്നിവയ്ക്ക് ഫണ്ട് വകയിരുത്തണം
14. ആരോഗ്യ ജാഗ്രത പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, വാർഷിക ദിനാചരണങ്ങൾ, ആരോഗ്യ സംബന്ധമായ മറ്റ് പരിപാടികൾ തുടങ്ങിയവയ്ക്കായി സംഘാടക ചെലവ്, പി.ഒ.സി ചെലവ്, റിഫ്രഷ്മെന്റ് എന്നിവയിലേക്കായി 50000/- രൂപ അനുവദിക്കണം
15. ആശുപത്രി സന്ദർശകരായ രോഗികൾ, കൂട്ടിരിപ്പുകാർ, പൊതുജനം എന്നിവർക്ക് ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുവാൻ Hot & Cold Water Dispenser with Purifier സി.എച്ച്.സി യുടെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുക
16. ആശുപത്രി പരിസരം സി സി ടിവി നിരീക്ഷണത്തിലാക്കി രോഗികൾ, കൂട്ടിരിപ്പുകാർ, ജീവനക്കാർ എന്നിവരുടെ സുരക്ഷ ഉറപ്പാക്കുക
17. പുതിയതായി നിർമ്മിച്ച കോൺഫറൻസ് ഹാൾ ഉപയോഗയോഗ്യമാക്കുന്നിനാവശ്യമായ ശുചിമുറി സംവിധാനം, ഇലക്ട്രിക് പ്ലംബിംഗ് വർക്ക്, ഫർണിച്ചർ, സെൻട്രലൈസ്ഡ് എ.സി ഫസിലിറ്റി, False Ceiling work, Wash Area etc ഒരുക്കുക
18. ഇ-ഓഫീസ് നടത്തിപ്പിന്റെ ഭാഗമായി 2 ലാപ്ടോപ്, Multi Printer with Scanner ആയതുമായി ബന്ധപ്പെട്ട അനുബന്ധ ചെലവുകൾ എന്നിവയ്ക്ക് തുക വകയിരുത്തുക.

5. മത്സ്യബന്ധനം

1. 2024–25 സാമ്പത്തിക വർഷം നടപ്പിലാക്കി വരുന്ന സമുദ്രമേഖലയിലെ മത്സ്യതൊഴിലാളികൾക്ക് ചെറിയ തടിവള്ളം/എഫ് ആർ പി പദ്ധതിയിൽ കൂടുതൽ ഗുണഭോക്താക്കൾ ഉള്ളതായി യോഗം വിലയിരുത്തി. ആയതിനാൽ ഈ പദ്ധതി തുടർന്നുള്ള 2025–26 പദ്ധതിയിലും ഉൾപ്പെടുത്തുന്നതിനായി തീരുമാനിച്ചു.
2. 2024–25 സാമ്പത്തിക വർഷം പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് സഹായത്തോടെ കുമ്പളം, കുമ്പളങ്ങി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന ഉൾനാടൻ മത്സ്യതൊഴിലാളികൾക്കായുള്ള വള്ളവും വലയും പദ്ധതിയിൽ കൂടുതൽ ഗുണ ഭോക്താക്കൾ മുന്നോടുവരുന്നതിനാൽ മേൽ പദ്ധതിക്ക് ആവശ്യമായ ഫണ്ട് അതാത് പഞ്ചായത്ത് പദ്ധതികൾക്ക് അനുവദിക്കുന്നതിനും തീരുമാനിച്ചു.

6. ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം ഉൾപ്പെടെ)

1. ലൈഫ് ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ റീസർവ്വേ നടത്ത കണ്ടെത്തിയിട്ടുള്ള പുറംമ്പോക്ക് ഭൂമിയിൽ വീട് നിർമ്മിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക
2. വസ്തു വാങ്ങുന്നതിനായി ലൈഫ് പദ്ധതി പ്രകാരം നൽകുന്ന തുക പരിമിതമാണ്. ആയതിനാൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് കുറഞ്ഞത് 5 ലക്ഷം രൂപയെങ്കിലും അനുവദിക്കുക
3. ബ്ലോക്ക പരിധിയിലുള്ള പഞ്ചായത്തുകളിൽ വെള്ളപ്പൊക്കം രൂക്ഷമായതിനാൽ റിംഗ് റോഡുകൾ ടെട്രാപോഡ് എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തുക
4. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കൂടുതൽ റോഡുകൾ മാലിന്യ സംസ്കരണ സാമഗ്രികൾ എന്നിവ നിർമ്മിക്കുക അതിലൂടെ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുക.

5. മത്സ്യബന്ധന ഉപജീവനമാർഗ്ഗമായ കുടുംബങ്ങൾക്ക് മത്സ്യങ്ങൾക്ക് ന്യായമായ വില വിപണിയിൽ നിന്ന് ലഭിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുക
6. ജലാശയങ്ങളിൽ എക്കൽ അടിഞ്ഞ് കൂടിയതിനാൽ മത്സ്യ ബന്ധനത്തിനും മീനുകളുടെ ലഭ്യതയ്ക്കും നന്നേ കുറവ് വന്നിരിക്കുന്നു. ആയതിനാൽ ജലാശയങ്ങളിൽ നിന്ന് എക്കൽ നീക്കം ചെയ്ത് നീരൊഴുക്ക് ശക്തിപ്പെടുത്തുക.

7. സാമൂഹ്യനീതി (ഭിന്നശേഷിയുള്ളവർ, വയോജനങ്ങൾ മുതലായവ)

1. ഭിന്നശേഷി കലോൽസവം ബ്ലോക്ക് തലത്തിലും പഞ്ചായത്ത്തലത്തിലും നടത്തുക.
2. വയോനജനങ്ങൾക്ക് ശ്രവണസഹായി നൽകുന്ന പദ്ധതികൾ ഏറ്റെടുക്കുക
3. ഭിന്നശേഷിയുള്ള കുട്ടികളുടെ അമ്മമാർക്ക് തൊഴിൽ പരിശീലനം നൽകി വരുമാനമാർഗ്ഗം കണ്ടെത്തുന്നതിനുള്ള പദ്ധതികൾ വ്യവസായ വികസന ഓഫീസറുടെ സഹായത്തോടെ കണ്ടെത്തി നടപ്പിലാക്കുക.
4. എല്ലാ പഞ്ചായത്തുകളിലും സാമൂഹ്യനീതി വകുപ്പിന്റെ സഹായത്തോടെ സായം പ്രഭ ഹോമുകൾ–പകൽവീടുകൾ–വയോജനങ്ങൾക്കായി നടപ്പിലാക്കുക

8. പട്ടികജാതി വികസനം / പട്ടികവർഗ്ഗ വികസനം

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒറ്റപ്പെട്ട വീടുകൾക്ക് എസ്.സി ഫണ്ട് ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
2. പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് നിലവിൽ നടത്തിവരുന്ന എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി, എസ്.സി യുവജനങ്ങളുടെ ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ നൽകൽ എന്നീ പദ്ധതികൾ അടുത്തവർഷവും തുടരണമെന്ന് അംഗങ്ങൾ നിർദ്ദേശിച്ചു.
3. കുമ്പളങ്ങി വാർഡ് 16 പടന്നേക്കാട്ട് നഗറിൽ കല്ലുകെട്ട് പൂർത്തിയാക്കുക

4. ലൈഫ് ലിസ്റ്റിൽ ഉൾപ്പെടാത്ത വീടില്ലാത്ത കുടുംബങ്ങളെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
5. പട്ടികജാതി നഗറുകളിൽ ഓരുവെള്ളം കയറുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
6. പഠനമുറി നിർമ്മാണത്തിന് മിക്ക ഗുണഭോക്താക്കൾക്കും 2 ലക്ഷം രൂപ ലഭിക്കുന്നില്ല എന്ന് അംഗങ്ങൾ പരാതിപ്പെട്ടു. ടി പദ്ധതി പ്രകാരം അവസാന ഗഡു അനുവദിക്കുന്നത് പഞ്ചായത്ത് അസി.എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ്. ആയതിനാലാണ് തുകയിൽ വ്യത്യാസം വരുന്നത് എന്ന് പട്ടികജാതി വികസന ഓഫീസർ അറിയിച്ചു.
7. പട്ടികജാതി വനിതാ സ്വയം സംരംഭകർക്കുള്ള സബ്സിഡി ലോണുകൾ ലഭ്യമാകുന്നതിനായി വ്യവസായ വികസന ഓഫീസറെ അറിയിക്കണമെന്ന് അംഗങ്ങൾ ആവശ്യപ്പെട്ടു.
8. പള്ളുരുത്തി ബ്ലോക്കിന്റെ പരിധിയിലുള്ള എസ്.സി വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് വളരെയധികം ബുദ്ധിമുട്ട് നേരിടുന്നതായി വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ യോഗത്തെ അറിയിച്ചു. ടി വിഷയം സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ അറിയിക്കുന്നതാണെന്ന് പട്ടികജാതി വികസന ഓഫീസർ അറിയിച്ചു.

9. പൊതുഭരണവും ധനകാര്യവും (കണക്കുകൾ രേഖകൾ എന്നിവ തയ്യാറാക്കൽ, ഇ-ഗവേണൻസ്, തനത് വരുമാന വർദ്ധനവ്, സേവനപ്രദാനം, മെച്ചപ്പെടുത്തൽ സദ്ഭരണം, വാതിൽപ്പടി സേവനം മുതലായവ)

1. പുതിയ ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിലേക്ക് ആവശ്യമായ ഫർണിച്ചറുകൾ വാങ്ങുക. മറ്റ് ഇന്റീരിയർ സൗകര്യങ്ങൾ ഒരുക്കുക. തുടങ്ങിയ പ്രവൃത്തികൾക്കായുള്ള പദ്ധതി
2. ബ്ലോക്ക് പഞ്ചായത്ത് ഹാളിന്റെ നവീകരണം
3. ഇൻഫർമേഷൻ കേരള മിഷൻ ഫണ്ട് നൽകുന്നതിനുള്ള പദ്ധതി
4. ക്യാന്റീൻ കൂടുതൽ സൗകര്യം ഏർപ്പെടുത്തി പ്രവർത്തിപ്പിക്കുന്നതിനുള്ള പദ്ധതി

5. ഓഫീസിലെ കമ്പ്യൂട്ടറുകൾ, യു.പി.എസ്, ജനറേറ്റർ എന്നിവയുടെ AMC ഏർപ്പെടുത്തുന്നതിനും ഓഫീസിന് ആവശ്യമായ കമ്പ്യൂട്ടറുകൾ, പ്രിന്റർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള പദ്ധതി

10. മൃഗസംരക്ഷണവും, ക്ഷീരവികസനവും

1. പാലിന് സബ്സിഡി പദ്ധതി
   ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് ഓരോ ലിറ്റർ പാലിനും പരമാവധി 3/– രൂപ സബ്സിഡി നൽകുക. പദ്ധതി തുടർവർഷങ്ങളിലും നടപ്പിലാക്കുക. ഒരു ക്ഷീര കർഷകന് ലഭിക്കുന്ന പരമാവധി സബ്സിഡി തുക 40000/– രൂപ എന്നുള്ളത് ഉയർത്തുക
2. കാലിത്തീറ്റ സബ്സിഡി പദ്ധതി
   ക്ഷീര കർഷകർക്ക് 50 % സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്ന പദ്ധതി വരും വർഷങ്ങളിലും നടപ്പിലാക്കുക പരമാവധി ലഭിക്കുന്ന സബ്സിഡി തുക 10000 രൂപയിൽ നിന്ന് ഉയർത്തുക
3. കന്നുകുട്ടി പരിപാലന പദ്ധതി
   ക്ഷീര കർഷകർക്ക് വേണ്ടി കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കുക
4. താറാവ് കോഴി കൃഷി പദ്ധതി
   കുമ്പളങ്ങി കുമ്പളം ചെല്ലാനം പ്രദേശങ്ങളിൽ കർഷകർക്ക് സബ്സിഡി നിരക്കിൽ താറാവു കോഴി കുഞ്ഞുങ്ങളെ ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കുക
5. തെരുവുനായ ശല്യം – ശാശ്വത പരിഹാരം പദ്ധതി
   പള്ളുരുത്തി ബ്ലോക്ക് പരിധിയിലുള്ള പ്രദേശങ്ങളിൽ തെരുവുനായ/പേപ്പട്ടി ശല്യം വ്യാപകമാണ്. ആയത് പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കണം
6. കുമ്പളങ്ങിയിൽ ക്ഷീരസഹകരണസംഘം രൂപീകരിക്കുക
   കുമ്പളങ്ങി പഞ്ചായത്തിലെ ക്ഷീര കർഷകർക്ക് സർക്കാരിന്റെ വ്യക്തിഗത ആനുകൂല്യമായ പാലിന്റെ സബ്സിഡി കാലിത്തീറ്റ സബ്സിഡി തുടങ്ങിയവ ലഭിക്കണമെങ്കിലും കൂടുതൽ ക്ഷീരകർഷകരെ ഈ മേഖലയിലേക്ക് കൊണ്ടുവരുന്നതിനും ഇവിടെ ഒരു ക്ഷീര സഹകരണ സംഘം ആവശ്യമായതിനാൽ ക്ഷീര സഹകരണ സംഘം രൂപീകരിക്കുക
7. ക്ഷീര വികസന ഓഫീസ് ചെലവുകൾക്ക് തുക
   ഓഫീസ് ദൈനംദിന ചെലവുകൾക്കുള്ള തുക നൽകുന്ന പദ്ധതി നടപ്പിലാക്കുക

11. ജെൻഡറും വികസനും, കുട്ടികളുടെ വികസനവും

1. ബ്ലോക്ക് തല ജെൻഡർ റിസോഴ്സ് സെന്റർ സ്ഥാപിക്കുക.
2. കമ്മ്യൂണിറ്റി വിമൺ ഫെസിലിറ്റേറ്ററെ നിയമിക്കുക
3. ജാഗ്രതാ സമിതി പ്രവർത്തനം ശാക്തീകരിക്കുക, ലിംഗപദവി പഠനം, സ്ത്രീ സൗഹൃദ പഞ്ചായത്തുകൾ എന്നിവയെപ്പറ്റി പഠനം നടത്തുക
4. സ്ത്രീകൾക്കുവേണ്ടി കലാകായിക മത്സരങ്ങൾ പഞ്ചായത്ത്, ബ്ലോക്ക്തലത്തിൽ നടത്തുക
5. സി.എച്ച്.സിയുമായി സഹകരിച്ച് സ്ത്രീകളിലെയും കുട്ടികളിലെയും വിളർച്ച(അനീമിയ) തടയുന്നതിന് പദ്ധതികൾ നടപ്പിലാക്കുക.

12. പ്രാദേശിക സാമ്പത്തിക വികസനം(ചെറുകിട വ്യവസായം, സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പെടെ), സഹകരണം

1. വനിതകളുടെ ഗ്രൂപ്പ് പ്രോജക്ടിനു കീഴിൽ സ്വയം സംരംഭം തുടങ്ങുന്നതിനു ചർച്ചയുണ്ടായി.
2. കൊറോണ മൂലമുണ്ടായ പ്രതിസന്ധിയിൽ സംരംഭകരുടെ ലോൺ തിരിച്ചടവിൽ ഉണ്ടായ പ്രശ്നങ്ങൾ ലോൺ അപേക്ഷകളെ ബാധിക്കുന്നുണ്ടെന്ന് വിലയിരുത്തി.
3. സിബിൽ സ്കോർ ഉയർത്തുന്നതിനുള്ള കാര്യങ്ങൾ ചർച്ച ചെയ്തു. സംരംഭകരെ ടി കാര്യം ബോധവൽക്കരിക്കുവാനും യോഗം ചർച്ച ചെയ്തു തീരുമാനിച്ചു.
4. ബ്ലോക്ക് മുഖാന്തിരം നൽകുവാൻ സാധിക്കുന്ന പ്രോജക്ടുകളെ കുറിച്ച് ചർച്ച ചെയ്തു.
5. ഇൻസുലേഷൻ ടേപ്പ്, ടിഷ്യൂപേപ്പർ മുതലായവയ്ക്ക് പ്രോത്സാഹനം നൽകുവാൻ തീരുമാനിച്ചു. അതിനോടൊപ്പം സംരംഭകത്വ വികസന സെമിനാറുകൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു
6. കേരള സർക്കാർ പദ്ധതിയായ One Local Body One Product (OLOP) പള്ളുരുത്തി ബ്ലോക്കിനു കീഴിലും ബ്ലോക്കിനു കീഴിലുള്ള പഞ്ചായത്തുകളിലും നടത്തുവാൻ നിർദ്ദേശിച്ചു.

13. പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ)

1. ഡിവൈൻ റോഡ് വാർഡ് 10 സഞ്ചാരയോഗ്യമാക്കൽ കുമ്പളങ്ങി
2. കുമ്പളം ഗ്രാമപഞ്ചായത്ത് വാർഡ് 8 സ്ലൂയിസ്
3. വാർഡ് 16 കാനയോടുകൂടി റോഡ്–ലൈൻ കുമ്പളങ്ങി
4. കുമ്പളങ്ങി വാർഡ് 17 ൽ കാന ഉയർത്തി നടപ്പാത പുനർ നിർമ്മിക്കുക
5. കുമ്പളങ്ങി വാർഡ് 15 പുതിയ കാനയോടുകൂടി നടപ്പാത നിർമ്മിക്കുക

14. ജൈവവൈവിധ്യം മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം

1) തോടുകൾ, കായൽ തീരം എന്നിവയിൽ നിറയുന്ന എക്കൽ നീക്കം ചെയ്യുന്നതിനായി ഫ്ളോട്ടിംഗ് ജെ.സി.ബി വാങ്ങുക
2) ബ്ലോക്ക്തലത്തിൽ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുക
3) തീരദേശ വാസികൾക്ക് സ്വന്തമായ ജലാശയങ്ങളിൽ നിന്ന് എക്കൽ നീക്കം ചെയ്യുന്ന പ്രവർത്തനങ്ങൾ തടസ്സമില്ലാതെ ചെയ്യുവാനുള്ള അനുവാദം ലഭ്യമാക്കുക
4) ഫിഷറീസ് കോളേജിന്റെ സഹായത്തോടെ മത്സ്യകുഞ്ഞുങ്ങളുടെ ഉൽപ്പാദനവും അവയെ പുഴയിൽ നിക്ഷേപിക്കുകയും ചെയ്യുന്നതു വഴി മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുക.
5) ജലാശയങ്ങളിലെ എക്കൽ മാറ്റി അവിടെ കക്ക വിത്തുകൾ നിക്ഷേപിക്കുകയും അവയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുക
6) ജൈവവൈവിധ്യ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് ഏറ്റെടുക്കുക

ബ്ലോക്ക്തല ഗ്രാമസഭ യോഗത്തിന്റെ തീരുമാനങ്ങൾ

ചെല്ലാനം

1. പൊതുമരാമത്ത്

ചെല്ലാനം പഞ്ചായത്ത് വാർഡ് 1 ൽ കളത്തറ നമ്പ്യാപുരം പാലത്തിന്റെ കൈവിരി ഇല്ലാത്തതിനാൽ വളരെ അപകടകരമായി അവസ്ഥയാണ്. മേൽകൈവരി നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ ഉണ്ടാകണം

വാർഡ് 6 ൽ പോലീസ് സ്റ്റേഷന് വടക്കുഭാഗത്ത് പടിഞ്ഞാറോട്ടുള്ള റോഡ് പുനർനിർമ്മിക്കുക

വാർഡ് 6 ൽ പോലീസ് സ്റ്റേഷന് വടക്കുഭാഗത്ത് തെക്ക് കിഴക്കോട്ടുള്ള റോഡ് പുനർനിർമ്മിക്കണം

വാർഡ് 14 ൽ ഗൊണ്ടുപറമ്പ് പാലത്തിന് കിഴക്കോട്ടുള്ള നടപ്പാത പുനർനിർമ്മിക്കുക

വാർഡ് 14 പോട്ടമുറി കോളനിയുടെ സൈഡ് കല്ലുകെട്ടി സംരക്ഷിക്കുക

വാർഡ് 12 കണ്ടക്കടവ് വാൽമുതുക് കാട്ടുപ്പുറം റോഡ് പുനർനിർമ്മിക്കുക

വാർഡ് 17 പനക്കൽ പാലത്തിന് പടിഞ്ഞാറേ റോഡ് പുനർനിർമ്മിക്കുക

വാർഡ് 1 ൽ കൈതവേലി ബസ്സ്റ്റോപ്പിന് കിഴക്ക് ഭാഗത്ത് കാന നിർമ്മിക്കുക

വാർഡ് 9 ൽ ഫിഷ് ലാന്റിംഗ് സെന്റർ റോഡ് പുനർ നിർമ്മിക്കുക

വാർഡ് 9 ൽ ബി.എം റോഡ് മധ്യഭാഗത്ത് പാലം വീതി കൂട്ടുക

വാർഡ് 12 ൽ വേളാങ്കണ്ണി പള്ളിക്ക് കിഴക്ക് ഭാഗം പാലവും റോഡും നിർമ്മിക്കുക

വാർഡ് 12 ൽ എസ്.സി വിഭാഗക്കാർക്ക് കല്ലുകെട്ട്

വാർഡ് 9 ൽ സെന്റ് മേരീസ് ഹൈസ്കൂൾ മുതൽ മുതലന്തോട് പാലം വരെ ഇരു വശവും കല്ലുകെട്ട്

വാർഡ് 6 ൽ കമ്പനിപ്പടി ബസ്റ്റോപ്പിന് പടിഞ്ഞാറുഭാഗത്ത് പാലത്തിന് വടക്ക് തോടിനിരുവശവും കല്ലുകെട്ടും കവർസ്ലാബും

2. കുടിവെള്ളം

ചെല്ലാനം പഞ്ചായത്തിലെ തെക്കൻ മേഖലകളിൽ ഇനിയും കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ കഴിഞ്ഞിട്ടില്ല.

പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിച്ച് കുടിവെള്ളം എത്തിക്കുന്നതിന് ആവ ശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

3. ദുരന്തനിവാരണം പരിസ്ഥിതി സംരക്ഷണം

ചെല്ലാനം ഗ്രാമപഞ്ചായത്തിൽ വിവിധ പ്രദേശങ്ങളിൽ നിലവിലുള്ള തോടുകൾ ആഴം കൂട്ടി കല്ലുകെട്ടി സംരക്ഷിക്കേണ്ടതാണ്. പുഴയിലെ വേലിയേറ്റ സമയത്ത് കടലിലേക്ക് വെള്ളം സ്വാഭാവികമായും ഒഴുകുന്നതിനാവശ്യമായ രീതിയിൽ ഉള്ള ഇത്തരം അഴിമുഖങ്ങൾ സംരക്ഷിക്കേണ്ടതാണ്. ചെല്ലാനം പഞ്ചായത്തിന്റെ തെക്കേ അറ്റം ആലപ്പുഴ ജില്ലയിലുള്ള അന്ധകാരനഴി അഴിമുഖം തുറന്ന് വിജയം കനാലിലേക്ക് വെള്ളം ഒഴുകിപോകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം

ചെല്ലാനം പഞ്ചായത്ത് കളത്തറ ചെട്ടുകരി പ്രദേശത്ത് പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷിക്കേണ്ടതാണ്. ആപ്രദേശത്ത് താമസിക്കുന്ന 15 ഓളം കുടുംബങ്ങൾ എല്ലാകാലത്തും വെള്ളകെട്ടിലാണ്. വാർഡ് 9 ൽ കണ്ണമാലി റോഡിൽ പഴയ പൈപ്പുമാറ്റി പുതിയ പൈപ്പ് സ്ഥാപിക്കുക.

4. മത്സ്യബന്ധനം

മത്സതൊഴിലാളികൾക്ക് നൽകുന്ന വള്ളം ഉൾനാടൻ മത്സ്യതൊഴിലാളികൾക്ക് അവർക്ക് ഉപകാരപ്രദമായ രീതിയിലുള്ള അളവിൽ നൽകുവാൻ ആവശ്യമായ ഭേദഗതി വരുത്തണം

5. കൃഷി

ചെല്ലാനം ഗ്രാമപഞ്ചായത്തിൽ കളത്തറ ചെട്ടുകരി പ്രദേശത്തെ പാടശേഖരങ്ങൾക്ക് പുറംബണ്ട് കെട്ടി സംരക്ഷണം ഉറപ്പാക്കണം

6. വിദ്യാഭ്യാസം – സാംസ്കാരികം

ജനറൽ വിഭാഗത്തിലെ കലാകാരൻമാരെ കൂടി പരിഗണിക്കുക

മുൻഭരണസമിതി അനുവദിച്ചുകൊടുത്ത ശുചിത്വമിഷൻ ഫണ്ട് ഉപയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് കുമ്പളങ്ങി പഞ്ചായത്തിന് കൈമാറിയ ബെയിലിംഗ് മെഷീൻ ചെല്ലാനം, കുമ്പളങ്ങി പഞ്ചായത്തുകൾക്കും ഉള്ളതാണെങ്കിലും വർഷങ്ങളായി അതിന്റെ മോട്ടോർ തകരാർ മൂലം അത് ഉപയോഗപ്രദമല്ലാതായിരിക്കുന്നു. ഇത് പുനർ പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ ഉണ്ടാക്കണം

ചെല്ലാനം പഞ്ചായത്തിൽ വാർഡ് 11 ൽ ഉണ്ണീശോ പറമ്പിന് സമീപത്തായി കിടക്കുന്ന 6 സെന്റിൽ അധികം വരുന്ന സ്ഥലം പഞ്ചായത്ത് ഉടമസ്ഥതയിലുള്ളതാണ്. അവിടെ സായംപ്രഭ ഹോമുകളോ അങ്കണവാടികളോ വായനശാലകളോ പ്രവർത്തിപ്പിക്കുന്നതിനുള്ള കെട്ടിടം നിർമ്മിക്കണം.

ബ്ലോക്ക്തല ഗ്രാമസഭ യോഗത്തിന്റെ തീരുമാനങ്ങൾ

കുമ്പളം

1. വാർഡ് 10 കണ്ണിക്കാട്ട് കുന്നത്ത് റോഡ് മുതൽ സെന്റ് ആന്റണീസ് റോഡ് വരെ ടൈൽ വിരിക്കുക.
2. വാർഡ് 18 എടങ്ങാറപ്പള്ളി റോഡ് പുനരുദ്ധാരണം
3. വാർഡ് 9 വലിയപറമ്പ് റോഡ് വാർഡ് 3 പേണാവീട് റോഡ് ഘണ്ടാകർണ്ണ ക്ഷേത്ര റോഡ് ഇവ സംയുക്ത പ്രോജക്ടായി ഏറ്റെടുക്കുക
4. കുമ്പളം ഗ്രാമപഞ്ചായത്ത് വാർഡ് 4 ലെ വൃദ്ധസദനത്തിന് ഫണ്ട് അനുവദിക്കുക
5. വേലിയേറ്റ സമയത്ത് വിവിധ വാർഡുകളിലെ വീടുകളിൽ വെള്ളം കയറുന്നത് തടയുന്നതിന് സംരക്ഷണഭിത്തി നിർമ്മിക്കുക
6. കരീത്തറ പ്രദേശം വാർഡ് 16, 17, 18 സ്ലൂയിസ് നിർമ്മാണം വാർഡ് 18 ലെ വെണ്ടോട്ടിതോട്, കാട്ട് പടന്നതോട്
7. പകൽ വീടിന് വിവിധ ആവശ്യങ്ങൾക്ക് ഫണ്ട് അനുവദിക്കുക (ഭക്ഷണം, മരുന്ന്, വയോജന സംഗമം)
8. വൃക്ക മാറ്റിവച്ച രോഗികൾക്ക് ആവശ്യമരുന്ന് വാങ്ങുന്നതിന് സഹായം. ക്യാൻസർ രോഗികൾക്ക് സഹായം
9. ശ്രവണ സഹായി, വീൽ ചെയർ എന്നിവയ്ക്ക് ഫണ്ട് വകയിരുത്തുക
10. റോഡുകളിലേക്ക് അപകടകരമായി നിൽക്കുന്ന മരത്തിന്റെ ശിഖരങ്ങൾ മുറിക്കുന്നതിന് ആവശ്യമായ ഫണ്ട് വകയിരുത്തുക
11. വയോജനങ്ങൾക്കും വനിതകൾക്കും ആവശ്യമായ തുക വകയിരുത്തി പദ്ധതികൾ ഏറ്റെടുക്കുക
12. അതിദരിദ്രർക്ക് ഫണ്ട് വകയിരുത്തുക
13. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സംയുക്തമായി ഫണ്ട് വകയിരുത്തുക

ബ്ലോക്ക്തല ഗ്രാമസഭ യോഗത്തിന്റെ തീരുമാനങ്ങൾ

കുമ്പളങ്ങി

1. കുടിവെള്ളം ശുചിത്വം (അഡീഷണൽ)

എ) കുടിവെള്ള കിയോസ്കുകൾ സ്ഥാപിക്കുക

ബി) കുടിവെള്ള പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുക

സി) ആർ.ആർ.എഫ് ലെ ബെയിലിംഗ് മെഷീൻ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക

2. മത്സ്യബന്ധനം

3. ചെറുകിട വ്യവസായം

എ) വനിതാഗ്രൂപ്പുകൾക്ക് സംരംഭം തുടങ്ങുന്നതിന് ഫണ്ട് അനുവദിക്കുക

ബി) എസ്.സി വിഭാഗങ്ങൾക്ക് (ഗ്രൂപ്പുകൾക്ക്) സംരംഭങ്ങൾ തുടങ്ങുന്നതിനുവേണ്ടി ഫണ്ട് അനുവദിക്കുക

4. ദാരിദ്ര്യ ലഘൂകരണം

എ) അതിദാരിദ്ര്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട പദ്ധതികൾ ഉടനടി പൂർത്തീകരിക്കുക

ബി) അതിദാരിദ്ര്യ മൈക്രോപ്ലാൻ തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് നിർവ്വഹണം നടപ്പിലാക്കുക

5. ജൈവവൈവിധ്യം

6. വിദ്യാഭ്യാസം – സാംസ്കാരികം

എ) സാക്ഷരതാ മിഷൻ മുഖേന തുല്യതാ പരീക്ഷകൾക്ക് വേണ്ടിയുള്ള പരിശീലന ക്ലാസ്സുകൾ കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് പരിധിയിൽ നടപ്പിലാക്കുക

ബി) കുമ്പളങ്ങി ഗവൺമെന്റ് യു.പി സ്കൂളിന് ഗേറ്റും ചുറ്റുമതിലും സ്ഥാപിക്കുക

7. ആരോഗ്യം

എ) സെക്കണ്ടറി പാലിയേറ്റീവ് കെയറിന് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് ഫണ്ട് അനുവദിക്കുക

ബി) വൃക്ക രോഗം, ഹൃദ്രോഗം, ക്യാൻസർ തുടങ്ങി മാരകരോഗങ്ങളുള്ള രോഗികൾക്ക് ചികിത്സയ്ക്ക് ഫണ്ട് അനുവദിക്കുക

സി) ഫിസിയോ തെറാപ്പി സെന്ററിലെ ജീവനക്കാർക്ക് വേതനം നൽകുന്നതിനു വേണ്ടി സി.എസ്.ആർ ഫണ്ടോ മറ്റു ഫണ്ടുകളോ ലഭ്യമാക്കുക

ഡി) ഫിസിയോ തെറാപ്പി സെന്ററിലേക്ക് കൂടുതൽ ഉപകരണങ്ങൾ ലഭ്യമാക്കുക

8. കൃഷി

എ) പാടശേഖരങ്ങളിലെ തോടുകളിൽ നിന്ന് എക്കൽകോരി ചിറ ബലപ്പെടുത്തുന്നതിനും ഔട്ടർ ബണ്ട് ബലപ്പെടുത്തുന്നതിനുള്ള പദ്ധതി തയ്യാറാക്കുക

ബി) മാതൃകാ പാടശേഖരമായി ഒരു പാടശേഖരം തെരഞ്ഞെടുത്ത് കൃഷിയെ പ്രോത്സാഹിപ്പിക്കുക അതിനുള്ള നടപടികൾ സ്വീകരിക്കുക

സി) പടന്നക്കരി പാടശേഖരത്തിന് നിലവിൽ സ്ലൂയിസ് കം ബ്രിഡ്ജ് പണി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ കൃഷി ചെയ്യുന്നതിന് പെർമനന്റ് ഷെഡും മോട്ടോറും വേണം. അതിനുള്ള ഫണ്ട് ലഭ്യമാക്കുക. അതോടൊപ്പം ഔട്ടർ ബണ്ട് ബലപ്പെടുത്തുക.

9. സാമൂഹ്യക്ഷേമം

എ) ഭിന്നശേഷിക്കാർക്ക് ക്യാമ്പുകൾ നടത്തി ഉപകരണങ്ങൾ നൽകുക

ബി) ഭിന്നശേഷിക്കാർക്ക് ബോർഡ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള ക്യാമ്പ് സംഘടിപ്പിക്കുക

10. സ്ത്രികളുടെയും കുട്ടികളുടെയും വികസനം

എ) സ്ത്രികൾക്കും കുട്ടികൾക്കും പോഷകാഹാരം ലഭ്യമാക്കുക

11. പട്ടികജാതി വികസനം

എ) കുമ്പളങ്ങി പഞ്ചായത്ത് എസ്.സി വിഭാഗക്കാർക്കായി വാങ്ങിയിട്ടുള്ള സ്ഥലത്ത് ഫ്ളാറ്റ് നിർമ്മിക്കുന്നതിന് ഫണ്ട് ലഭ്യമാക്കുക

ബി) വാർഡ് 5 ലെ ആലത്തറ കോളനിയിൽ മരാമത്ത് വർക്കുകൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുക

സി) എസ്.സി കോളനികളിൽ ഇലക്ട്രിസിറ്റി ലൈൻ വലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

12. മൃഗസംരക്ഷണവും ക്ഷീരവികസനവും

എ) വെറ്റിനറി ഡോക്ടറെ നിയമിച്ച് മൊബൈൽ ക്ലിനിക് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

13. പൊതുഭരണം ധനകാര്യം

എ) ബ്ലോക്ക് പഞ്ചായത്ത് പുതിയ കെട്ടിടം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

14. മരാമത്ത്

എ) വ്യാസപുരം റോഡ് കിഴക്കോട്ട് വാർഡ് 7 കാനയും കവർസ്ലാബും പൂർത്തീകരണം

ബി) മുരുക്കുതറ കോളനിയിൽ ഓരുവെള്ളം കയറുന്നതിൽ നിന്നും സംരക്ഷണഭിത്തിയും ഫില്ലിംഗും നിർമ്മിക്കുക വാർഡ് 9

സി) മുരുക്കുതറ കോളനിയിലെ കാനയും കവർസ്ലാബും പൂർത്തീകരണം
വാർഡ് 9

ഡി) വെളിമ്പനം റോഡിൽ നിന്നും പടിഞ്ഞാറോട്ട് നടപ്പാത സ്ഥാപിക്കുക വാർഡ് 10

ഇ) കുമ്പളങ്ങി വാർഡ് 16 ൽ ദേശാഭിമാനി ലൈനിൽ കാനയും കവർസ്ലാബും നിർമ്മിക്കുക

എഫ്) വാർഡ് 17 ൽ തൈക്കൂട്ടത്തിൽ ഹാളിന് പടിഞ്ഞാറ് വശത്തുള്ള കാന ഉയർത്തി റോഡ് പുനർനിർമ്മാണം

ജി) വാർഡ് 15 ൽ ഫെഡറൽ ബാങ്കിന് സമീപം കാനയും കവർസ്ലാബും നിർമ്മിക്കുക

എച്ച്) വാർഡ് 16 ൽ പൂവൻസ് റോഡ് പുനർനിർമ്മാണം

ഐ) വാർഡ് 5 ൽ കൃപാലയം റോഡ് വാർഡ് 4 ൽ ജാതവേദ ഷേണായി റോഡ് വാർഡ് 3 ൽ പാടശേഖരം ഭജനമഠം റോഡ് നിർമ്മാണം (കാനയും കവർസ്ലാബും സഹിതം)

ജെ) യുവജ്യോതി റോഡ് കോൺക്രീറ്റിംഗ് വാർഡ് 2 ൽ മാളിയേക്കൽ റോഡ് പുനർനിർമ്മാണം പൂർത്തീകരണം

****

വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ബ്ലോക്ക്–ഗ്രാമപഞ്ചായത്തുകളുടെ സമാന സ്വഭാവമുള്ള പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിലൂടെ പദ്ധതികൾ കൂടുതൽ പ്രയോജനകരമാക്കുന്നതിനും, കൂടുതൽ പേർക്ക് സഹായം ലഭിക്കുന്നിനും വഴിയൊരുക്കുന്നു. കാർഷിക മേഖലയിൽ തരിശുനിലം കൃഷിയോഗ്യമാക്കുന്നതിനും, ദുർബല വിഭാഗങ്ങൾക്ക് വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിനും ബ്ലോക്ക്–ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പദ്ധതികളെ MGNREGS പദ്ധതിയുമായി സംയോജിപ്പിക്കുന്നതിലൂടെ കൂടുതൽ പ്രയോജനകരമായി നടപ്പിലാക്കുവാൻ കഴിയുന്നു.

ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പാക്കുന്ന പദ്ധതിയായ പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതിക്ക് കേന്ദ്ര ധനസഹായത്തിന് പുറമെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി 90 ദിവസത്തെ തൊഴിൽ ദിനങ്ങൾ കൂടി അധിക വേതനമായി ഗുണഭോക്താവിന് നൽകുവാൻ സാധിക്കുന്നു.

സാമൂഹ്യ നീതി വകുപ്പിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും ഫണ്ടിനോടൊപ്പം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ ഫണ്ടു കൂടി സംയോജിപ്പിച്ച് നടപ്പിലാക്കുന്ന അങ്കണവാടി കെട്ടിട നിർമ്മാണം ഈ പ്രവർത്തനരംഗത്ത് ഒരു നാഴികക്കല്ലാണ്.

ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ടും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ ഫണ്ടും ഉപയോഗിച്ച് കമ്പോസ്റ്റ് പിറ്റ് നിർമ്മിക്കുന്നതിലൂടെ മാലിന്യ നിർമ്മാർജ്ജനത്തോടൊപ്പം ജൈവവള നിർമ്മാണവും സാധ്യമാകുന്നതിനാൽ ജൈവ പച്ചക്കറി കൃഷിക്ക് ഇത് ഒരു മുതൽകൂട്ടാകുന്നു.

മോണിറ്ററിംഗ്

വികസന പദ്ധതികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പരിസമാപ്തിയിൽ എത്തണമെങ്കിൽ ശക്തമായ മോണിറ്ററിംഗ് സംവിധാനം അനിവാര്യമാണ്. പ്രോജക്ട് രൂപീകരിക്കുന്നതിനുള്ള വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സംവിധാനമായി പ്രവർത്തിക്കേണ്ടതാണ്. ഓരോ വർക്കിംഗ് ഗ്രൂപ്പിന്റെയും മേഖലയിൽ വരുന്ന പദ്ധതികൾ കൃത്യമായി മോണിട്ടറിംഗ് നടത്തുന്നതിലൂടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നിനും കുറവുകൾ പരിഹരിച്ച് വരും വർഷങ്ങളിൽ കൂടുതൽ പ്രയോജനകരമായി നടപ്പിലാക്കുന്നതിനും വഴിയൊരുക്കുന്നു.

****

ഉപസംഹാരം

ആസൂത്രണം എന്നത് ഒരു തുടർ പ്രക്രിയയാണ്. നാടിന്റെ വികസന ത്തിന് എല്ലാ പൗരന്മാരും താൽപര്യം എടുക്കുകയും, പങ്കാളികളാകയും ചെയ്യുന്ന അവസ്ഥയിലേക്ക് മുന്നേറണം. കേരളത്തിന്റെ ഭാവി വികസന ത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രധാന പങ്കുണ്ട്. സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയും മൂലധന നിക്ഷേപത്തിനുള്ള അന്തരീക്ഷം സൃഷ്ടി ക്കുകയും വേണം. കാർഷികമേഖല, ഉല്പാദനമേഖല ആരോഗ്യമേഖല, അതിദാരിദ്ര്യ പദ്ധതി, മാലിന്യ ശുചിത്വ പദ്ധതികൾ, ലൈഫ് ഭവന പദ്ധതി തുടങ്ങിവയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് 2025–26 വർഷം ഏറ്റെടുക്കുന്നതിന് ശ്രദ്ധ ചെലുത്തിയി ട്ടുണ്ട്.

2025–26 വർഷം പദ്ധതി രൂപീകരണത്തിനായി സഹകരിച്ച ജനപ്രതിനിധി കൾ, ആസൂത്രണ സമിതി അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, നിർവ്വ ഹണ ഉദ്യോഗസ്ഥർ, ബ്ലോക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥർ, പൊതു പ്രവർത്ത കർ, സ്ഥാപന മേധാവികൾ എന്നിവരോടുള്ള കടപ്പാട് ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. ഗാന്ധിജിയുടെ ഗ്രാമസ്വരാജ് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുവാൻ നമുക്കേവർക്കും ഒത്തൊരുമയോടെ പ്രവർത്തിക്കാം.

മണികണ്ഠൻ. സി.
സെക്രട്ടറി
ബ്ലോക്ക് പഞ്ചായത്ത്